നമ്പർ.ഇ.എക്സ്/സി-ജി.എൽ (1)-45114/09/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാ ഭവൻ ,പൂജപ്പുര,
തിരുവനന്തപുരം.
തീയതി : 01/10/2009

# വിജ്ഞാപനം

**വിഷയം :- 2010 മാർച്ച് മാസത്തിലെ എസ്.എസ്.എൽ.സി. പരീക്ഷ - സംബന്ധിച്ച് :-**

**സൂചന :- 1. ജി.ഒ.(എം.എസ്.) 200/2006 പൊ.വി.വ.തീയതി 14.08.2006**
**2. ജി.ഒ.(എം.എസ്.) 12/2007 പൊ.വി.വ.തീയതി 20.01.2007**
**3. ജി.ഒ.(എം.എസ്.) 13/2007 പൊ.വി.വ.തീയതി 22.01.2007**
**4. ജി.ഒ.(എം.എസ്.) 148/2007 പൊ.വി.വ.തീയതി 04/08.2007**
**5. സർക്കുലർ നം. വൈ1/3600/09/ഡിപിഐ തീയതി 28/01/09**
**6. സർക്കാർ ഉത്തരവ് നം. 2263/09/പൊ.വി.വ. തീയതി 09/06/09**

**2010-ലെ എസ്.എസ്.എൽ.സി.പരീക്ഷ മാർച്ച് 15-ാം തീയതി ആരംഭിച്ച് 27-ാം തീയതി അവസാനിക്കുന്നതാണ്.** 14/08/2006-ലെ ജി.ഒ. (എം.എസ്.) 200/2006 പൊ.വി.വ., 20.01.2007-ലെ ജി.ഒ.എം.എസ്.12/2007 പൊ.വി.വ. എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുതിയ രീതിയിൽ ഒറ്റ സ്കീമിൽ (പുതിയ സ്കീം) മാത്രമായാണ് ഈ പരീക്ഷ നടത്തപ്പെടുന്നത്.

## വിഭാഗം -എ

**പുതിയ സ്കീമിലെ പരീക്ഷ സംബന്ധിച്ച വിവരങ്ങൾ**

1. 14/08/2006-ലെ ജി.ഒ. (എം.എസ്) നം. 200/2006/പൊ.വി. പ്രകാരം 2006-2007 അദ്ധ്യയന വർഷം മുതൽ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് 10 പേപ്പറുകൾ ഉൾപ്പെടുന്ന പരീക്ഷയാണ് നടത്തുന്നത്. ഇത് 2009-2010 ലും തുടരുന്നതാണ്.
2. ഇംഗ്ലീഷ്, ഗണിതം, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളുടെ എഴുത്തുപരീക്ഷയുടേയും തുടർമൂല്യനിർണ്ണയത്തിന്റെയും സ്കോർ 80:20 ഉം, ഇൻഫർമേഷൻ ടെക്നോളജി ഒഴികെയുള്ള മറ്റു വിഷയങ്ങളുടേത് 40:10 ഉം ആയിരിക്കുന്നതാണ്.
3. ഇൻഫർമേഷൻ ടെക്നോളജി പരീക്ഷയുടെ തുടർമൂല്യനിർണ്ണയം, എഴുത്തുപരീക്ഷ, പ്രായോഗിക പരീക്ഷ എന്നിവയുടെ സ്കോർ 10:10:20 എന്ന രീതിയിൽ ആയിരിക്കും.
4. ഇത് ് അനുസരിച്ച് എഴുത്തുപരീക്ഷയ്ക്ക് 490 ഉം വിഷയ ബന്ധിത തുടർമൂല്യ നിർണ്ണയത്തിന് 130 ഉം, ഐ.റ്റി പ്രാക്ടിക്കലിന് 20 ഉം ഉൾപ്പെടെ പൊതുപരീക്ഷയുടെ പരമാവധി സ്കോർ 640 ആയിരിക്കും.
5. 80 മാർക്കിനുള്ള എഴുത്തുപരീക്ഷാ വിഷയങ്ങൾക്ക് 2½ മണിക്കൂർ സമയവും, 40 മാർക്കിനുള്ള വിഷയങ്ങൾക്ക് 1½ മണിക്കൂർ സമയവും ഐ.റ്റി പരീക്ഷയ്ക്ക് 1 മണിക്കൂർ സമയവുമാണ് നിശ്ചയിച്ചിട്ടുള്ളത്.
6. എസ്.എസ്.എൽ.സി. കാർഡിൽ മാർക്കില്ലാതെ ഗ്രേഡ് ് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ.
7. 9 പോയിന്റ് ് സ്കെയിലിൽ ആണ് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുന്നത്.

**<u>നിരന്തര മൂല്യനിർണ്ണയം, എഴുത്ത് പരീക്ഷ എന്നിവയുടെ സ്കോർ, പരീക്ഷാ സമയം എന്നിവ താഴെകാണും പ്രകാരമായിരിക്കും.</u>**

| നമ്പർ | വിഷയങ്ങൾ | | സി.ഇ. യുടെ സ്കോർ | പ്രാക്ടിക്കൽ പരീക്ഷയുടെ സ്കോർ | എഴുത്തു പരീക്ഷ യുടെ സ്കോർ | ആകെ സ്കോർ | സമയം മണിക്കൂർ |
|---|---|---|---|---|---|---|---|
| 1. | ഒന്നാം ഭാഷ പേപ്പർ 1 | | 10 | | 40 | 50 | $1^{1}/_{2}$ മണിക്കൂർ |
| 2. | ഒന്നാം ഭാഷ പേപ്പർ 2 | | 10 | | 40 | 50 | $1^{1}/_{2}$ " |
| 3. | രണ്ടാം ഭാഷ ഇംഗ്ളീഷ് | | 20 | | 80 | 100 | $2^{1}/_{2}$ " |
| 4. | മൂന്നാം ഭാഷ ഹിന്ദി | | 10 | | 40 | 50 | $1^{1}/_{2}$ " |
| 5. | സോഷ്യൽ സയൻസ് | | 20 | | 80 | 100 | $2^{1}/_{2}$ " |
| 6. | ഊർജതന്ത്രം | | 10 | | 40 | 50 | $1^{1}/_{2}$ " |
| 7. | രസതന്ത്രം | | 10 | | 40 | 50 | $1^{1}/_{2}$ " |
| 8. | ജീവശാസ്ത്രം | | 10 | | 40 | 50 | $1^{1}/_{2}$ " |
| 9. | ഗണിത ശാസ്ത്രം | | 20 | | 80 | 100 | $2^{1}/_{2}$ " |
| 10. | ഇൻഫർമേഷൻടെക്നോ ളജി | (എ) തിയറി | 10 | - | 10 | 40 | 1" |
| | | (ബി)പ്രാക്റ്റിക്കൽ | - | 20 | - | | |
| **ആകെ** | | | **130** | **20** | **490** | **640** | **$17^{1}/_{2}$** മണിക്കൂർ |

**9 <u>പോയിന്റ് അബ്സല്യൂട്ട് ഗ്രേഡിംഗ്</u>**

| ഗ്രേഡ് | റേഞ്ച് | ഗ്രേഡ് വാല്യൂ | ഗ്രേഡ് പൊസിഷൻ |
|---|---|---|---|
| A+ | 90 ശതമാനം മുതൽ 100 ശതമാനം വരെ | 9 | Outstanding |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ | 8 | Excellent |
| B+ | 70 ശതമാനം മുതൽ 79 ശതമാനം വരെ | 7 | Very Good |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ | 6 | Good |
| C+ | 50 ശതമാനം മുതൽ 59 ശതമാനം വരെ | 5 | Above Average |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ | 4 | Average |
| D+ | 30 ശതമാനം മുതൽ 39 ശതമാനം വരെ | 3 | Marginal |
| D | 20 ശതമാനം മുതൽ 29 ശതമാനം വരെ | 2 | Need Improvement |
| E | 20 ശതമാനത്തിന് താഴെ | 1 | Need Improvement |

**ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടുന്നതിന് തുടർമൂല്യനിർണ്ണയത്തിന്റെ (C.E) സ്കോറും എഴുത്തു പരീക്ഷയുടെ (TE) സ്കോറും ചേർത്ത് പരിഗണിക്കുമ്പോൾ ഓരോ പേപ്പറിനും കുറഞ്ഞത് D+ ഗ്രേഡ് (30-39%)എങ്കിലും നേടിയിരിക്കണം.**

**<u>പരീക്ഷയ്ക്ക് ചേരുവാനുള്ള യോഗ്യതകൾ</u>**

**1. <u>റഗുലർ ക്യാൻഡിഡേറ്റ്സ്</u>**

സർക്കാർ / എയ്ഡഡ് / അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിൽ 2009-2010 അദ്ധ്യയന വർഷം 10-ാം തരത്തിൽ പഠിക്കുന്നവരും 01.11.2009-ൽ സ്കൂൾ റോളിൽ ഉള്ളവരുമായ വിദ്യാർത്ഥികൾക്ക് റഗുലർ ക്യാൻഡിഡേറ്റ്സ് ആയി പരീക്ഷയ്ക്ക് ചേരാവുന്നതാണ്. ഇവർ പത്താം ക്ലാസിലെ പാഠ്യപദ്ധതിയനുസരിച്ച് ഓരോ പേപ്പറിനും തുടർമൂല്യനിർണ്ണയത്തിന് വിധേയരായിട്ടുള്ളവരും നിയമപ്രകാരമുള്ള 85% ഹാജർ തികഞ്ഞിട്ടുള്ളവരുമായിരിക്കണം.

## <u>പ്രായപരിധി:</u>

01.06.2009 –ൽ 14 വയസ്സ് തികഞ്ഞവർക്ക് പൊതു പരീക്ഷ എഴുതാവുന്നതാണ്.

(1/6/2009-ൽ 14 വയസ്സ് പൂർത്തിയായവരെ മാത്രമേ കാൻഡിഡേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നുള്ളൂ എന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്.

**2. <u>പി.സി.എൻ.ക്യാൻഡിഡേറ്റ്സ്</u>**

2007, 2008, 2009 വർഷങ്ങളിൽ താഴെ പറഞ്ഞിരിക്കുന്ന വിഭാഗങ്ങളിൽ പരീക്ഷ എഴുതുകയും എന്നാൽ ഉപരിപഠനത്തിന് അർഹത ലഭിക്കാതെയും പോയ പരീക്ഷാർത്ഥികൾ 2006-07 അദ്ധ്യയന വർഷത്തിൽ നിലവിൽ വന്ന പുതിയ പരീക്ഷാ സമ്പ്രദായവും ഗ്രേഡിംഗ് രീതിയും അനുസരിച്ചുള്ള പുതിയ സ്കീമിലാണ് (10 പേപ്പർ) 2009-2010 ൽ പരീക്ഷ എഴുതേണ്ടത്.

(i) പ്രൈവറ്റ് കാൻഡിഡേറ്റ്സ് (ന്യൂസ്കീം) (PCN) - ഫുൾ കോഴ്സ്
(എല്ലാ വിഷയങ്ങളും എഴുതുന്നവർ)

(ii) പ്രൈവറ്റ് കാൻഡിഡേറ്റ്സ് (ന്യൂസ്കീം) (PCN) - പാർട്ട്
(യോഗ്യത നേടാത്ത വിഷയങ്ങൾ മാത്രം എഴുതുന്നവർ)

2005-ൽ നിലവിൽ വന്ന സിലബസിൽ (13 പേപ്പർ ) പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടാത്തവർക്ക് 04/08/2007 ലെ ജി.ഒ.(എം.എസ്.) 148/2007 പൊ.വി.വ.എന്ന ഉത്തരവു പ്രകാരം 2010 മാർച്ചിൽ റഗുലർ വിദ്യാർത്ഥികൾക്കുള്ള സിലബസിൽ (10 പേപ്പർ) പരീക്ഷ പ്രൈവറ്റായി (PCN) എഴുതാവുന്നതാണ്.

മുൻവർഷത്തെപ്പോലെ ഈ വർഷവും 2004 മാർച്ച് വരെ നിലവിലുണ്ടായിരുന്ന പഴയ സ്കീം പ്രകാരമുള്ള പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. ഇവരുടെ അവസാന അവസരമായി നൽകിയ 2007 സെപ്റ്റംബറിലും പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത ലഭിക്കാതെ പോയവർക്ക് കേരളാ സാക്ഷരതാമിഷൻ നടത്തുന്ന പത്താം തരം തുല്യത 'എ ലെവൽ' പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടാവുന്നതാണ്.

## 3. <u>അറ്റൻഡൻസ് റീക്യൂപ്പ്ഡ് ക്യാൻഡിഡേറ്റ് (ന്യൂ സ്കീം) (ARC)</u>

2008-2009 അദ്ധ്യയന വർഷം ഹാജർ കുറവ് മൂലമോ സാധുവായ മറ്റ് കാരണങ്ങളാലോ, പരീക്ഷാർത്ഥികളാകാൻ കഴിയാതെ പോയിട്ടുള്ള വിദ്യാർത്ഥികൾ നിരന്തര മൂല്യനിർണ്ണയത്തിന് വിധേയരായിട്ടുണ്ടെങ്കിൽ "അറ്റൻഡൻസ് റീക്യൂപ്പ്ഡ് ക്യാൻഡിഡേറ്റായി (ARC)" പരീക്ഷ എഴുതാവുന്ന താണ്. ഹാജർ കുറവുമൂലം പരീക്ഷ എഴുതുവാൻ കഴിയാതെപോയവർ പഠിച്ചിരുന്ന സ്കൂളിൽ നിന്നും പരീക്ഷ എഴുതുവാൻ ആവശ്യമായ ഹാജർ ഈ വർഷം നേടിയിരിക്കേണ്ടതുമാണ്.

4. **<u>ബറ്റർമെന്റ് ഓഫ് റിസൾട്ട് ക്യാൻഡിഡേറ്റ് (BT)</u>**

എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടുകയും എന്നാൽ റിസൽട്ട് മെച്ചപ്പെടുത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നവർക്ക് 07.05.1977 -ലെ ജി.ഒ (എം.എസ്) 98/77പൊ.വി. ഉത്തരവിലും 19.01.1982 -ലെ ജി.ഒ (എം.എസ്)8/82 പൊ.വി ഉത്തരവിലും നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരീക്ഷാഫലം മെച്ചപ്പെടുത്താവുന്നതാണ്. അവർ ഫുൾകോഴ്സായി മാത്രമേ പുതിയ സ്കീമിലുള്ള പരീക്ഷ എഴുതുവാൻ പാടുള്ളു. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടി മൂന്നു വർഷത്തിനുള്ളിൽ ഒരു പ്രാവശ്യം റിസൾട്ട് മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പരീക്ഷ അവർ വേറെ യാതൊരു ഉയർന്ന പരീക്ഷയും ജയിച്ചിട്ടില്ല എന്ന നിബന്ധനയ്ക്കു വിധേയമായി എഴുതാവുന്നതാണ്. കംപാർട്ട്മെന്റായും ഫുൾക്കോഴ്സായും പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടിയവർക്ക് ഇതിനുള്ള അവസരം ഉണ്ടായിരിക്കും. ഇങ്ങനെ പരീക്ഷ എഴുതുന്നവർക്ക് അവർക്ക് ലഭിച്ചിട്ടുള്ളതിൽ ഏറ്റവും ഗുണകരമായ മാർക്കായിരിക്കും നൽകുന്നത്. 23.08.2008-ലെ ജി.ഒ (ആർ.റ്റി.) നം. 4168/05 ആയുള്ള സർക്കാർ ഉത്തരവു പ്രകാരം ഇത്തരത്തിൽ നേടുന്ന സ്കോർ ഉപരി പഠനത്തിന് കണക്കാക്കുന്നതാണ്.

5. **ഭാഷ മാത്രം എഴുതുന്നവർ**

ഇൻഡ്യൻ ആർമി സർട്ടിഫിക്കേറ്റ് ഓഫ് എഡ്യൂക്കേഷൻ (ഫസ്റ്റ് ക്ളാസ്) ജയിച്ചിട്ടുള്ളവർ ഈ പാഠ്യപദ്ധതി പ്രകാരമുള്ള ഒന്നാം ഭാഷ മാത്രം എഴുതിയാൽ മതിയാകും. അപ്രകാരം എഴുതി കുറഞ്ഞത് D+ ഗ്രേഡ് എങ്കിലും വാങ്ങിയാൽ അവർ സിവിൽ എംപ്ളോയ്മെന്റിനു മാത്രം യോഗ്യത നേടിയതായി പ്രഖ്യാപിക്കുന്നതാണ്. അപേക്ഷയോടൊപ്പം അവർക്ക് ലഭിച്ചിട്ടുള്ള ആർമി സർട്ടിഫിക്കറ്റും (അസ്സൽ) ഹാജരാക്കേണ്ടതാണ്. ഇവർ എസ്.എസ്.എൽ.സി കാർഡിന്റെ വില നൽകേണ്ടതില്ല. ഇൻഡ്യൻ ആർമി സിവിൽ എംപ്ളോയ്മെന്റ് എസ്.എസ്.എൽ.സി. പരീക്ഷയിൽ ഒന്നാം ഭാഷയ്ക്ക് D+ ഗ്രേഡ് ലഭിച്ചിട്ടുള്ളവർക്കും സർട്ടിഫിക്കറ്റിന് അർഹത ഉണ്ടായിരിക്കും. (16-9-1962-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ. (എം.എസ്) 596/62എഡ്യൂ. പ്രകാരവും (30-3-1976-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ.(ആർ.റ്റി) 1337/76/ജി.എഡ്യൂ. പ്രകാരവും)

ദക്ഷിണ ഭാരത ഹിന്ദിപ്രചാരസഭ നൽകിയിട്ടുള്ള രാഷ്ട്ര ഭാഷാ സർട്ടിഫിക്കറ്റോ തിരുവിതാംകൂർ, കേരള ഹിന്ദി പ്രചാരസഭ നൽകിയിട്ടുള്ള ഹിന്ദി ഭൂഷൺ സർട്ടിഫിക്കറ്റോ കേരള യൂണിവേഴ്സിറ്റി നൽകിയിട്ടുള്ള ഹിന്ദി വിദ്വാൻ സർട്ടിഫിക്കറ്റോ ലഭിച്ചിട്ടുള്ള അദ്ധ്യാപകർക്കും ഈ പൊതുപരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

**കുറിപ്പ്:-**
1. അപേക്ഷയോടൊപ്പം പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അസ്സൽ ഉൾപ്പെടുത്തിയിരിക്കണം.
2. ജോലി നോക്കുന്ന സ്കൂളിന്റെ മേധാവി അപേക്ഷ സാക്ഷ്യപ്പെടുത്തിയിരിക്കണം.
3. പരീക്ഷാഫീസും എസ്.എസ്.എൽ.സി. കാർഡിന്റെ വിലയും ഒടുക്കേണ്ടതാണ്.

## <u>ഐ.റ്റി. പരീക്ഷയെ സംബന്ധിച്ച വിശദാംശങ്ങൾ</u>

17.09.2004-ലെ ജി.ഒ.(എം.എസ്.) 295/04/പൊതു വിദ്യാഭ്യാസ (ജി) വകുപ്പ്, 04.09.2007 ലെ ജി.ഒ.(ആർ.റ്റി.)നം. 4030/07 എന്നീ ഉത്തരവുകൾ പ്രകാരം എസ്.എസ്.എൽ.സി, ഐ.റ്റി വിഷയത്തിന്റെ സ്കോർ പരമാവധി 40 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 30 സ്കോർ പൊതുപരീക്ഷയ്ക്കും 10 സ്കോർ നിരന്തര മൂല്യനിർണ്ണയത്തിനുമായിരിക്കും. പൊതുപരീക്ഷയുടെ 30 സ്കോറിൽ 10 സ്കോർ

തിയറി പരീക്ഷയ്ക്കും 20 സ്കോർ പ്രായോഗിക പരീക്ഷയ്ക്കുമാണുള്ളത്. മേൽ ഉത്തരവ് രണ്ട് പ്രകാരം ഐ.റ്റി ഹൈസ്കൂൾ ക്ളാസുകളും, എസ്.എസ്.എൽ.സി ഐ.റ്റി പരീക്ഷയും സ്വതന്ത്ര സോഫ്റ്റ് വെയറിൽ മാത്രമായിരിക്കും നടക്കുന്നതെന്ന് ഉത്തരവായിട്ടുണ്ട്.

## എ) <u>പൊതു നിർദ്ദേശങ്ങൾ</u>

1. 2010 മാർച്ചിലെ എസ്.എസ്.എൽ.സി.ഐ.ടി.പ്രായോഗിക പരീക്ഷ സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ മാത്രമാണ് നടത്തുന്നത്.
2. എഴുത്തു പരീക്ഷയും പ്രായോഗിക പരീക്ഷയും പ്രത്യേകം പ്രത്യേകമായി നടത്തുന്നതാണ്. എഴുത്തു പരീക്ഷയ്ക്ക് 10 സ്കോറും പ്രായോഗിക പരീക്ഷയ്ക്ക് 20 സ്കോറും നിരന്തര മൂല്യനിർണ്ണയത്തിന് 10 സ്കോറുമായിരിക്കും.
3. മുൻവർഷത്തിൽ ഐ.ടി. പരീക്ഷ (എഴുത്തു പരീക്ഷയും പ്രായോഗിക പരീക്ഷയും) നടത്തിയ രീതിയിൽ തന്നെയാണ് 2010 മാർച്ചിലെ ഐ.ടി. പരീക്ഷയും നടത്തുന്നത്.
4. മറ്റ് വിഷയങ്ങൾക്ക് നടത്തുന്ന എഴുത്തു പരീക്ഷയുടെ മാതൃകയിൽ തന്നെ ആയിരിക്കും ഐ.ടി. എഴുത്തു പരീക്ഷയും നടത്തുന്നത്. ഐ.ടി @ സ്കൂളും പരീക്ഷാഭവനും ചേർന്നു തയ്യാറാക്കിയ പരീക്ഷാ സോഫറ്റ്ˇവെയർ ഉപയോഗിച്ചായിരിക്കും ഐ.ടി. പ്രായോഗിക പരീക്ഷ നടത്തുന്നത്.
5. തിയറി പരീക്ഷയും പ്രായോഗിക പരീക്ഷയും കാര്യക്ഷമമായി നടത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതതു സ്കൂളിലെ ചീഫ് സൂപ്രണ്ടുമാർക്കായിരിക്കും. സർക്കാരും പരീക്ഷാ കമ്മീഷണറും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്ക് വിധേയമായിട്ടാണ് ഐ.ടി. പരീക്ഷകൾ നടത്തുന്നത്.
6. ഐ.ടി പ്രായോഗിക പരീക്ഷയുടെ സോഫ്റ്റ്ˇവെയർ കേന്ദ്രഗവൺമെന്റ് ഏജൻസിയായ Standardisation Testing and Quality Certification Agency (എസ്.റ്റി.ക്യു.സി) ആയിരിക്കും ടെസ്റ്റ് ചെയ്യുന്നത്.

## <u>ബി. നിരന്തര മൂല്യനിർണ്ണയം (C.E)</u>

ഐ.ടി.നിരന്തര മൂല്യനിർണ്ണയത്തിന് പ്രോജക്ട്, സെമിനാർ, ക്ളാസ്സ് ടെസ്റ്റ് ഇവ ഓരോന്നിനും പരമാവധി 20 സ്കോർ വീതം കണക്കാക്കി ആകെ ലഭിച്ച സ്കോറിനെ 10-ൽ കണക്കാക്കിയാണ് നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോർ നിർണ്ണയിക്കുന്നത്.

## <u>സി. എഴുത്തു പരീക്ഷ (T.E)</u>

1. ഐ.ടി. എഴുത്തു പരീക്ഷ നടത്തുന്നത് മറ്റ് എഴുത്തു പരീക്ഷകളുടെ മാതൃകയിൽ തന്നെ ആയിരിക്കും. എഴുത്ത് പരീക്ഷയ്ക്ക് നിശ്ചയിച്ചിരിക്കുന്നത് 10 സ്കോർ ആണ്. സമയം ഒരു മണിക്കൂർ ആയിരിക്കും. കൂടാതെ 15 മിനിട്ട് ആശ്വാസ സമയം (Cool off time) അനുവദിച്ചിട്ടുണ്ട്.
2. ഐ.ടി. എഴുത്തു പരീക്ഷയുടെ മൂല്യനിർണ്ണയം, പുന: പരിശോധന, പുനർ മൂല്യനിർണ്ണയം എന്നിവ മറ്റ് എഴുത്തു പരീക്ഷകളുടേതുപോലെയുള്ള നിബന്ധനകൾക്കു വിധേയമായിരിക്കും.

## <u>ഡി. പ്രായോഗിക പരീക്ഷ</u>

1. പ്രായോഗിക പരീക്ഷയ്ക്ക് ആകെ 20 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 18 സ്കോർ ഐ.ടി. ശേഷികൾ പരിശോധിക്കുന്നതിനും, 2 സ്കോർ പ്രാക്ടിക്കൽ വർക്ക് ബുക്കിനും വേണ്ടി നീക്കിവെച്ചിരിക്കുന്നു. സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നടത്തുന്ന 18 സ്കോറിനുള്ള

പരീക്ഷയുടെ ഉത്തരങ്ങൾ പൂർണ്ണമായും ഇൻവിജിലേറ്റർമാരായി നിയമിക്കപ്പെടുന്ന അധ്യാപകർ തന്നെയായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്. അധ്യാപകരുടെ മൂല്യനിർണ്ണയത്തിൽ ലഭിച്ച സ്കോറും, പ്രാക്ടിക്കൽ വർക്ക്ഷീറ്റിന് ലഭിച്ച സ്കോറും രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം സോഫ്റ്റ്‌വെയറിൽ ഉണ്ടായിരിക്കും.

2. പ്രായോഗിക പരീക്ഷയ്ക്ക് ഉൾപ്പെടുത്തിയിരിക്കുന്ന പാഠഭാഗങ്ങളും ലഭിക്കുന്ന ചോദ്യങ്ങളുടെ എണ്ണവും അവയുടെ സ്കോറും ഇപ്രകാരമായിരിക്കും;

| | | |
|---|---|---|
| (i) | വേഡ് പ്രോസസിംഗ് സോഫ്റ്റ്‌വെയർ (രണ്ടു ചോദ്യത്തിൽ നിന്നും ഒരു ചോദ്യത്തിന് ഉത്തരം ചെയ്യണം) | 4സ്കോർ |
| (ii) | സ്പ്രെഡ്ഷീറ്റ് സോഫ്റ്റ്‌വെയർ (രണ്ടു ചോദ്യത്തിൽ നിന്നും ഒരു ചോദ്യത്തിന് ഉത്തരം ചെയ്യണം) | 4സ്കോർ |
| (iii) | പ്രസന്റേഷൻ സോഫ്റ്റ്‌വെയർ (രണ്ടു ചോദ്യത്തിൽ നിന്നും ഒരു ചോദ്യത്തിന് ഉത്തരം ചെയ്യണം) | 4സ്കോർ |
| (iv) | ഗ്രാഫിക്സ് സോഫ്റ്റ്‌വെയർ (ജിമ്പ് ), ബേസിക്, HTML ഇവയിൽ ഏതിലെങ്കിലും നിന്ന് ലഭിക്കുന്ന രണ്ടു ചോദ്യത്തിൽ നിന്നും ഒരു ചോദ്യത്തിന് ഉത്തരം ചെയ്യണം | 6സ്കോർ |
| (v) | പ്രാക്ടിക്കൽ വർക്ക് ബുക്കിന് | 2സ്കോർ |
| **പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ആകെ** | | **20സ്കോർ** |

3. മലയാളം, ഇംഗ്ളീഷ്, തമിഴ്,കന്നട എന്നീ ഭാഷകളിൽ ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്‌വെയർ പരീക്ഷാ നടത്തിപ്പിനായി ലഭ്യമാക്കുന്നതാണ്.

4. പ്രായോഗിക പരീക്ഷയുടെ സമയം മൊത്തം 45 മിനിട്ടായിരിക്കും (അദ്ധ്യാപകർ മൂല്യനിർണ്ണയ ത്തിനെടുക്കുന്ന സമയം ഇതിൽ ഉൾപ്പെടുന്നില്ല). കുട്ടികൾ പരീക്ഷയ്ക്ക് എടുക്കുന്ന സമയം സോഫ്റ്റ്‌വെയറിൽ കാണാവുന്നതാണ്.

5. അധ്യാപകന്റെ മൂല്യനിർണ്ണയത്തിൽ ലഭിച്ച സ്കോറും പ്രാക്ടിക്കൽ വർക്ക് ബുക്കിന് ലഭിച്ച സ്കോറും (കുട്ടി പരീക്ഷ പൂർത്തിയാക്കിയതിനുശേഷം) സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്ന തിനുള്ള സൗകര്യം അധ്യാപകന് ലഭിക്കുന്നതായിരിക്കും.

6. പ്രായോഗിക പരീക്ഷയ്ക്കു നൽകിയ സ്കോറിൽ ദശാംശസ്ഥാനമുണ്ടെങ്കിൽ തൊട്ടടുത്ത പൂർണ്ണ സംഖ്യയിലേയ്ക്ക് സ്കോർ മാറ്റേണ്ടതാണ്.

7. വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ ഐ.ടി @ സ്കൂളിന്റെ ജില്ലാ കോർഡിനേറ്റർമാർ, മാസ്റ്റർ ട്രെയ്നർമാർ എന്നിവർ അതത് ജില്ലയിലെ പ്രായോഗിക പരീക്ഷാനടത്തിപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതും യഥാസമയം വേണ്ട സാങ്കേതിക സഹായങ്ങൾ സ്കൂളുകൾക്ക് നൽകുന്നതുമായിരിക്കും.

8. ഐ.ടി @ സ്കൂളിലെ ജില്ലാ കോർഡിനേറ്റേഴ്സും ട്രെയിനേഴ്സും മാസ്റ്റർ ട്രെയിനേഴ്സും വിദ്യാഭ്യാസ ജില്ലാ ആഫീസർമാരുടേയും വിദ്യാഭ്യാസ ഉപഡയറക്ടർമാരുടേയും നിർദ്ദേശങ്ങൾക്കു വിധേയമായി ഐ.റ്റി പ്രാക്ടിക്കൽ പരീക്ഷ നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്യേണ്ടതാണ്. ഡിസ്ട്രിക്ട് കോഡിനേറ്റേഴ്സും മാസ്റ്റർ ട്രെയിനേഴ്സും സ്കൂളുകൾക്ക് ടെക്നിക്കൽ സഹായം ആവശ്യമാണെങ്കിൽ നൽകേണ്ടതാണ്.

9. പ്രായോഗിക പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകുന്ന സാങ്കേതികവും ഭരണപരവുമായ സംശയങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പരീക്ഷാഭവന്റെയും ഐ.ടി.@ സ്കൂൾ പ്രോജക്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ കൺട്രോൾ റൂമുകൾ സജ്ജീകരിക്കുന്നതാണ്. അതുപോലെ ജില്ലാതലത്തിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ മേൽനോട്ടത്തിൽ ഡി.ഇ.ഒ. ഓഫീസുകൾ കേന്ദ്രീകരിച്ച് കൺട്രോൾ റൂമുകൾ സജ്ജീകരിക്കുന്നതാണ്. ഇതിന് മാസ്റ്റർ ട്രെയ്നർമാരുടെ സേവനം വിനിയോഗിക്കാവുന്നതാണ്. ഈ കേന്ദ്രങ്ങളുടെ ഫോൺ നമ്പറുകൾ ഐടി പ്രാക്ടിക്കൽ പരീക്ഷയ്ക്കു മുൻപായി പ്രസിദ്ധീകരിക്കേണ്ടതാണ്.

## ഇ. പ്രായോഗിക പരീക്ഷാ കേന്ദ്രങ്ങൾ

1. വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർ, ജില്ലാ വിദ്യാഭ്യാസഓഫീസർമാർ എന്നിവരുടെ നിർദ്ദേശാനുസരണം ജില്ലാ കോർഡിനേറ്റർ/ മാസ്റ്റർ ട്രെയിനർ എന്നിവരുടെ നേതൃത്വത്തിൽ പരീക്ഷാ നടത്തിപ്പിന് അനുയോജ്യമായ സ്കൂളുകളുടെ (ഐ.ടി. പ്രായോഗിക പരീക്ഷാകേന്ദ്രങ്ങൾ) ലിസ്റ്റ് തയ്യാറാക്കി 2010 ജനുവരി 10 -നോ അതിനു മുൻപായോ ഐ.ടി @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ആയത് ക്രോഡീകരിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ പരീക്ഷാഭവൻ സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്. പരീക്ഷാ സെക്രട്ടറി ഈ സ്കൂളുകളെ ഐ.ടി പ്രായോഗിക പരീക്ഷാ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ഒരു ദിവസം ഒരു കമ്പ്യൂട്ടറിൽ അഞ്ച് കുട്ടികളെന്ന കണക്കിൽ പരമാവധി എട്ട് ദിവസത്തിനുള്ളിൽ പരീക്ഷ പൂർത്തീകരിക്കുന്നതിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കേണ്ട ഉത്തരവാദിത്വം അതത് സ്കൂളിലെ ഹെഡ്മാസ്റ്റർമാർക്കായിരിക്കും.

2. ഐ.ടി.പ്രായോഗിക പരീക്ഷ നടത്താൻ നിശ്ചിത നിലവാരത്തിലുള്ള കമ്പ്യൂട്ടറുകൾ ആവശ്യത്തിനുള്ളതും എന്നാൽ എഴുത്തു പരീക്ഷയുടെ പരീക്ഷാ കേന്ദ്രമായി പ്രഖ്യാപിക്കാത്തതുമായ സ്കൂളുകളെ പ്രത്യേക ഐ.ടി. പരീക്ഷാ കേന്ദ്രമായി (special IT exam centre) പ്രഖ്യാപിക്കാൻ പരീക്ഷാ കമ്മീഷണർക്ക് അധികാരമുണ്ടായിരിക്കും.

3. പരീക്ഷ നടത്താൻ മതിയായ കമ്പ്യൂട്ടർ ഇല്ലാത്ത സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ പങ്കെടുക്കാൻ ആവശ്യമായ പകരം സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ട ചുമതല ഐ.ടി. @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർക്കായിരിക്കും.

4. നിഷ്കർഷിച്ചിരിക്കുന്ന പരിശോധനകൾക്കുശേഷം പ്രായോഗിക പരീക്ഷ നടത്തുന്നതിനാവശ്യമായ സോഫ്റ്റ്വെയർ സി.ഡിയും, അനുബന്ധ സാമഗ്രികളും അതതു പരീക്ഷാ കേന്ദ്രങ്ങളിൽ 2010 ഫെബ്രുവരി 8 -നോ അതിനു മുൻപായോ എത്തിക്കുന്നതാണ്.

5. ഈ സോഫ്റ്റ്വെയർ പരീക്ഷാകേന്ദ്രങ്ങളിൽ ഇൻസ്റ്റാൾ ചെയ്യുന്നതിനും പരീക്ഷ നടത്തുന്നതിനും ഉള്ള ഉത്തരവാദിത്വം ഇൻവിജിലേറ്റർമാരായി നിയോഗിക്കപ്പെട്ടിട്ടുള്ള പരിശീലനം ലഭിച്ച അദ്ധ്യാപകരിൽ നിക്ഷിപ്തമായിരിക്കും.

6. പരീക്ഷാ നടത്തിപ്പിനുള്ള ഇൻവിജിലേറ്റർമാരായി നിയമിക്കുന്നതിന് തെരെഞ്ഞെടുത്ത അധ്യാപകരുടെ വിദ്യാഭ്യാസ ജില്ല തിരിച്ചുള്ള ലിസ്റ്റ് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തയ്യാറാക്കേണ്ടതും, ഐ.ടി.@ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ ആ ലിസ്റ്റ് ക്രോഡീകരിച്ച് പരീക്ഷാഭവൻ സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. പ്രായോഗിക പരീക്ഷയിൽ പങ്കെടുത്ത എല്ലാ കുട്ടികളുടേയും ക്രോഡീകരിച്ച സ്കോർഷീറ്റ് സി.ഡി.യിൽ രേഖപ്പെടുത്തേണ്ടതും കൺസോളിഡേറ്റഡ് സ്കോർഷീറ്റ് പ്രിന്റൗട്ട് എടുക്കേണ്ടതുമാണ്. സാക്ഷ്യപ്പെടുത്തിയ പ്രിന്റൗട്ടും

സി.ഡി യും മുദ്രവച്ച കവറിൽ യഥാസമയം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കേണ്ടതും അതിന്റെ രസീത് കൈപ്പറ്റേണ്ടതും ചീഫ് സൂപ്രണ്ടിന്റെ ചുമതലയാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും അത്തരം സി.ഡി.കളും മാർക്ക് ഷീറ്റുകളും അടങ്ങിയ മുദ്രവച്ച കവറുകൾ പരീക്ഷാഭവനിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ രസീത് നൽകി ശേഖരിക്കുന്നതാണ്. സി.ഡി.യുടേയും പ്രിന്റൗട്ടിന്റേയും ഓരോ പകർപ്പ് മുദ്ര വച്ച കവറിൽ അതതു സ്കൂളിന്റെ ചുമതലയുള്ള ചീഫ് സൂപ്രണ്ടുമാർ സൂക്ഷിക്കേണ്ടതാണ്.

7. **ഐ.ടി പ്രായോഗിക പരീക്ഷയ്ക്ക് പുനർ മൂല്യനിർണയം ഉണ്ടായിരിക്കുന്നതല്ല.**

8. പ്രായോഗിക പരീക്ഷയ്ക്ക് കുട്ടികൾക്ക് ലഭിക്കുന്ന സ്കോറിന് രഹസ്യസ്വഭാവമുള്ളതിനാൽ പരീക്ഷാ കേന്ദ്രത്തിൽ കുട്ടികൾക്ക് ലഭിച്ചിട്ടുളള സ്കോർ പ്രസിദ്ധപ്പെടുത്തുന്നതല്ല.

## എഫ്. <u>2008-09 വർഷത്തിൽ നടന്ന പൊതുപരീക്ഷയിൽ ഉന്നത പഠനത്തിനു യോഗ്യത നേടാത്ത വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ</u>

1. 2009 മാർച്ചിലെ പൊതുപരീക്ഷയിൽ പങ്കെടുത്തെങ്കിലും ഉന്നത പഠനത്തിന് യോഗ്യത നേടാത്ത, ഐ.ടി.യ്ക്ക് D- ഗ്രേഡോ അതിനു താഴയോ ലഭിച്ച വിദ്യാർത്ഥികൾക്ക് അവർ എഴുതിയ വർഷത്തെ അതേ മാതൃകയിൽ എഴുത്തു പരീക്ഷകൾ നടത്തുന്നതാണ്.
2. ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് ഐ.ടി. നിരന്തര മൂല്യനിർണ്ണയത്തിനും പ്രായോഗിക പരീക്ഷയ്ക്കും കഴിഞ്ഞ വർഷം ലഭിച്ച സ്കോർ തന്നെ നിലനിർത്തുന്നതായിരിക്കും.
3. 2009 മാർച്ചിലെ എസ്.എസ്.എൽ.സി, ഐ.ടി. പ്രായോഗിക പരീക്ഷയിൽ ഹാജരാകാതിരുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി എല്ലാ വിദ്യാഭ്യാസ ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് 2010 മാർച്ച് 20-ന് പ്രായോഗിക പരീക്ഷ നടത്തുന്നതാണ്. 2009 മാർച്ചിലെ അതേ മാതൃകയിൽ തന്നെയായിരിക്കും ഇവർക്കുള്ള പരീക്ഷാ നടത്തിപ്പും സ്കോർ നിർണ്ണയവും.

## <u>സേവ് എ ഇയർ ( SAY ) പരീക്ഷ</u>

2010-മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടാനാകാത്തവർക്ക് 2010 മേയ് മാസം നടത്തുന്ന 'സേവ് എ ഇയർ' ('സേ') പരീക്ഷ എഴുതാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച് പ്രത്യേക വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

## 2010 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ സമയവിവരപ്പട്ടിക

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 15.03.2010 | തിങ്കൾ | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.30 വരെ | **ഒന്നാം ഭാഷ പാർട്ട് I** മലയാളം/തമിഴ്/കന്നട/ സംസ്കൃതം (അക്കാഡമിക്)/ ഗുജറാത്തി/ അറബി (അക്കാഡമിക്)/ഉറുദു/ അഡീ.ഇംഗ്ലീഷ്/ അഡീ.ഹിന്ദി/ സംസ്കൃതം ഓറിയന്റൽ ഒന്നാം പേപ്പർ (സംസ്കൃത സ്കൂളുകൾക്ക്) അറബി ഓറിയന്റൽ ഒന്നാം പേപ്പർ (അറബി സ്കൂളുകൾക്ക്) |
| 16.03.2010 | ചൊവ്വ | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.30 വരെ | **ഒന്നാം ഭാഷ പാർട്ട് II** മലയാളം/തമിഴ്/കന്നട/സ്പെഷ്യൽ ഇംഗ്ലീഷ്/ അറബി ഓറിയന്റൽ രണ്ടാം പേപ്പർ (അറബി സ്കൂളുകൾക്ക്)/ ഫിഷറീസ് സയൻസ് (ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾക്ക്) / സംസ്കൃതം ഓറിയന്റൽ രണ്ടാം പേപ്പർ (സംസ്കൃത സ്കൂളുകൾക്ക്) |
| 17.03.2010 | ബുധൻ | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 4.30 വരെ | **രണ്ടാംഭാഷ** ഇംഗ്ലീഷ് |
| 18.03.2010 | വ്യാഴം | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.30 വരെ | **മൂന്നാം ഭാഷ** ഹിന്ദി /ജനറൽ നോളഡ്ജ് |
| 20.03.2010 | ശനി | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.30 വരെ | ഫിസിക്സ് |
| 22.03.2010 | തിങ്കൾ | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 4.30 വരെ | മാത്തമാറ്റിക്സ് |
| 23.03.2010 | ചൊവ്വ | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.30 വരെ | കെമിസ്ട്രി |
| 24.03.2010 | ബുധൻ | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.00 വരെ | ഇൻഫർമേഷൻ ടെക്നോളജി |
| 25.03.2010 | വ്യാഴം | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 4.30 വരെ | സോഷ്യൽ സയൻസ് |
| 27.03.2010 | ശനി | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.30 വരെ | ബയോളജി |

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**

1. അംഗീകരിച്ചിട്ടുള്ള ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
2. പരീക്ഷാ കമ്മീഷണറുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റി വയ്ക്കുവാൻ പാടുള്ളതല്ല
3. പരീക്ഷാ സമയവിവരപട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയ വിവരപ്പട്ടിക കർശനമായും പാലിക്കേണ്ടതാണ്.
4. നൽകിയിരിക്കുന്ന സമയവിവരപ്പട്ടികയനുസരിച്ച് മുൻപ് ശനിയാഴ്ച രാത്രി പരീക്ഷ എഴുതുവാൻ അനുവാദം ഉണ്ടായിരുന്ന വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ അന്നേ ദിവസം വൈകുന്നേരം അതതു സെന്ററുകളിൽ പരീക്ഷ എഴുതുന്നതിന് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുന്നതാണ്. ഇവർ അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 1.30 മണിക്ക് രക്ഷകർത്താക്കൾക്കൊപ്പം ചീഫ് സൂപ്രണ്ടിന്റെ ചേമ്പറിൽ എത്തേണ്ടതാണ്. കൂടുതൽ നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതാണ്.
5. പരീക്ഷയുടെ ആരംഭത്തിലെ 15 മിനിറ്റ് ആശ്വാസ സമയമായിരിക്കും. ഈ സമയത്ത് യാതൊരു കാരണവശാലും കുട്ടികൾ ഉത്തരക്കടലാസിൽ ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.

## <u>വിഭാഗം ബി</u>

**പൊതുനിർദ്ദേശങ്ങൾ**

| I. <u>പരീക്ഷാഫീസ്</u> | | <u>രൂപ</u> |
|---|---|---|
| (എ) | എസ്.എസ്.എൽ.സി. റഗുലർ വിദ്യാർത്ഥികൾ | 30.00 |
| (ബി) | എസ്.എസ്.എൽ.സി. പ്രൈവറ്റ് (ന്യൂ സ്കീം) ഒരു പേപ്പറിന് | 20.00 |
| (സി ) | എസ്.എസ്.എൽ.സി. (ഹിന്ദി മാത്രം) | 15.00 |
| (ഡി) | എസ്.എസ്.എൽ.സി. (പ്രഥമഭാഷ മാത്രം) | 40.00 |
| (ഇ) | താമസിച്ച് ഒടുക്കുന്നതിനുള്ള പിഴ (ഫൈൻ) | 10.00 |

**<u>ഒരു കാരണവശാലും പരീക്ഷാഫീസ് നേരിട്ട് തുകയായോ ചെക്കായോ മണിയോർഡറായോ പോസ്റ്റൽ ഓർഡറായോ മറ്റ് വിധത്തിലോ ഈ ഓഫീസിലേക്ക് അയയ്ക്കുവാൻ പാടുള്ളതല്ല.</u>** പരീക്ഷാ കേന്ദ്രത്തിലെ പ്രഥമാദ്ധ്യാപകൻ/ചീഫ് സൂപ്രണ്ട് മുഖാന്തിരം മാത്രമേ പരീക്ഷാഫീസ് അടയ്ക്കുവാൻ പാടുള്ളൂ. ഒരിക്കൽ ഒടുക്കിയ പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരിച്ചുകൊടുക്കുകയോ അത് തുടർന്നു വരുന്ന പരീക്ഷകൾക്ക് കണക്കാക്കുകയോ ഇല്ല. **താമസിച്ചു ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.** പരീക്ഷാർത്ഥികളുടെ സ്വന്തം പേരിൽ പരീക്ഷാഫീസ് ഒടുക്കുവാനോ ഈ ആഫീസിൽ അയയ്ക്കുവാനോ പാടില്ല. അപ്രകാരം ലഭിക്കുന്ന അപേക്ഷ പരിഗണിക്കുന്നതല്ല.

### II. <u>പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കൽ</u>

**(എ)** 1. ഗവൺമെന്റ് സ്കൂളുകളിൽ നിന്നോ എയിഡഡ് സ്കൂളുകളിൽ നിന്നോ പത്താം ക്ലാസിലെ പഠിത്തം പൂർത്തിയാക്കി ആദ്യതവണ പരീക്ഷാർത്ഥികളായി വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികളെ പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. (3-10-2001-ലെ G.O.Rt.No.3668/01 ജനറൽ എഡ്യൂക്കേഷൻ) ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിച്ച ബി.പി.എൽ ആണെന്നുള്ള സാക്ഷ്യപത്രം രക്ഷകർത്താക്കളിൽ നിന്നും പ്രഥമാദ്ധ്യാപകർ/ചീഫ് സൂപ്രണ്ടുമാർ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

2. പട്ടികജാതി - പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരും, പട്ടികജാതി പട്ടികവർഗ-വികസന വകുപ്പദ്ധ്യക്ഷൻമാർ പ്രസിദ്ധപ്പെടുത്തുന്നതനുസരിച്ച് കുടുംബിയും മതം മാറി വന്നവരും ഉൾപ്പെടെ മറ്റ് അർഹതയുള്ള വിഭാഗത്തിൽപ്പെട്ടവരും (ഒ.ഇ.സി.) പരീക്ഷ എഴുതുന്നതിന് ആദ്യത്തെ രണ്ടു പ്രാവശ്യത്തിലേക്ക് ഫീസ് ഒടുക്കേണ്ടതില്ല. ഒന്നാം തവണ പരീക്ഷ എഴുതി ഉന്നത പഠനത്തിന് യോഗ്യത നേടാത്തവർ മൂന്നുകൊല്ലത്തിനകം രണ്ടാം തവണയും പരീക്ഷ എഴുതുന്നുവെങ്കിൽ മാത്രമേ പ്രസ്തുത ആനുകൂല്യം ലഭ്യമാകൂ.

3. പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസില്ലാതെ അഞ്ചുവർഷം വരെ പരീക്ഷ എഴുതാവുന്നതാണ് (25-2-1981-ലെ ഗവൺമെന്റ് ഉത്തരവ് (ആർ.റ്റി) 680/81/ജി.എഡ്യൂ.

4. അംഗീകൃത അനാഥാലയങ്ങളിലേയും സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലേയും അന്തേവാസികളായ പരീക്ഷാർത്ഥികളെ പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

5. ARC, ബെറ്റർമെന്റ് എന്നീ വിഭാഗത്തിൽപെടുന്നവർക്ക് ഫീസിളവിന് അർഹതയില്ല.

6. മുകളിൽ (1) യിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പത്താം ക്ളാസ്സിലെ പഠിത്തം പൂർത്തിയാക്കിയിട്ടുള്ള മാഹിയിലേയും ലക്ഷദ്വീപിലേയും വിദ്യാർത്ഥികൾക്ക് ആദ്യ തവണ പരീക്ഷ എഴുതുന്നതിന് ഫീസ് ഇളവുണ്ടായിരിക്കും. പട്ടിക ജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും രണ്ടു തവണ ഫീസ് കൂടാതെ പരീക്ഷ എഴുതാവുന്നതാണ്. (17-6-1971-ലെ ഗവൺമെന്റ് ഉത്തരവ് ആർ.റ്റി 1387/71/എസ്.എഡ്യൂ.)

7. അംഗീകാരമുള്ള അൺ എയിഡഡ് സ്കൂളുകളിൽ നിന്ന് പത്താംക്ലാസ്സിലെ പഠിത്തം പൂർത്തിയാക്കിയിട്ടുള്ളവർ (പട്ടികജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ടവരും കുടുംബികൾ ഉൾപ്പെടെ മതപരിവർത്തനം നടത്തിയവരും ഒഴികെ) പരീക്ഷ എഴുതുന്നതിനായി ഫീസ് ഒടുക്കേണ്ടതാണ്.

8. **ഹെഡ്മാസ്റ്റർമാർ പരീക്ഷാഫീസ് ശേഖരിച്ച് 0202-01-102-99 എന്ന ശീർഷകത്തിൽ ട്രഷറിയിൽ നിശ്ചിത തീയതിയിൽ തന്നെ ഒടുക്കുകയും ഒറിജിനൽ ചെല്ലാൻ രസീത്, ഒറിജിനൽ എസ്.എസ്.എൽ.സി. കാർഡ് എന്നിവ അപേക്ഷയോടൊപ്പം ആവശ്യമായ പരിശോധനയ്ക്ക് സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്.**

## III. എസ്.എസ്.എൽ.സി. കാർഡിന്റെ വില

എല്ലാ വിഭാഗത്തിൽപ്പെട്ട പരീക്ഷാർത്ഥികളും എസ്.എസ്.എൽ.സി. കാർഡിന്റെ വിലയായി 15 രൂപ നൽകേണ്ടതാണ്. എന്നാൽ ജി.ഒ.(എം.എസ്) നം. 6/09/പൊ.വി.വ. തീയതി 14/01/2009 പ്രകാരം അംഗീകൃത അനാഥാലയങ്ങളിലേയും സർക്കാർ ക്ഷേമസ്ഥാപനങ്ങളിലേയും അന്തേവാസികളായ പരീക്ഷാർത്ഥികളെ എസ്.എസ്.എൽ.സി കാർഡിന്റെ വില ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**കുറിപ്പ്:-** ഹെഡ്മാസ്റ്റർമാർ സർട്ടിഫിക്കറ്റ് **കാർഡിന്റെ വില ശേഖരിച്ച് "0202-01-102-92 അദർറെസീപ്റ്റ്സ്"** എന്ന ശീർഷകത്തിൽ 10/11/09 ലോ അതിനു മുൻപായോ പ്രത്യേകമായി ഖജനാവിൽ **ഒടുക്കേണ്ടതും അസൽ ചെലാൻ തുടർന്നുള്ള പരിശോധനകൾക്ക് പരീക്ഷാ കേന്ദ്രത്തിൽ തന്നെ സൂക്ഷിക്കേണ്ടതുമാണ്.**

## IV. കാൻഡിഡേറ്റ് ലിസ്റ്റും (A-List) CD യും തയ്യാറാക്കുന്ന വിധം

### 1. റഗുലർ കാൻഡിഡേറ്റ്സ്

(എ) **പരീക്ഷാഫീസ് സ്വീകരിക്കേണ്ട അവസാന ദിവസം കഴിഞ്ഞാൽ ഉടൻതന്നെ എസ്.എസ്.എൽ.സി ന്യൂസ്കീം (റഗുലർ) വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന കാൻഡിഡേറ്റ് ലിസ്റ്റ്**

**<u>ഹെഡ്മാസ്റ്റർമാർ 13.11.2009-നോ അതിനു മുൻപോ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.</u>**

(ബി) കാൻഡിഡേറ്റ് ലിസ്റ്റ് പൂർണ്ണമായും സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ അനുസരിച്ചായിരിക്കണം തയ്യാറാക്കേണ്ടത്.

(സി) പരീക്ഷാർത്ഥിയുടെ പേര്, ജാതി, മതം മുതലായവ (ജനനത്തീയതി ഒഴികെ) അഡ്മിഷൻ രജിസ്റ്ററിൽ നിന്നും വ്യത്യസ്ഥമാണെങ്കിൽ ആയത് തിരുത്തി കിട്ടുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന സാക്ഷ്യപത്രം സഹിതം രക്ഷകർത്താക്കളുടെ അപേക്ഷ പ്രഥമദ്ധ്യാപകരുടെ ശുപാർശയോടെ അതാതു ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് നൽകേണ്ടതും ഡി.ഇ.ഒ യുടെ ഉത്തരവോടെ മാത്രം അഡ്മിഷൻ രജിസ്റ്ററിൽ വേണ്ട തിരുത്തലുകൾ വരുത്തി കാൻഡിഡേറ്റ് ലിസ്റ്റിൽ മാറ്റങ്ങൾ ചേർക്കാവുന്നതാണ്. (കെ.ഇ.ആർ അധ്യായം 6 റൂൾ 3 പ്രകാരമുള്ള തിരുത്തലുകൾ)

(ഡി) പരീക്ഷാ ജോയിന്റ്കമ്മീഷണറുടെ ഉത്തരവിലൂടെ അല്ലാതെ യാതൊരു കാരണവശാലും ജനനത്തീയതി സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ തിരുത്തുവാൻ പാടില്ല. ഇപ്രകാരമല്ലാതെയുള്ള ജനനതീയതി മാറ്റം കാൻഡിഡേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുവാനും പാടുള്ളതല്ല. (ഇത്തരം തിരുത്തലുകൾ വരുത്തുന്നതിനുള്ള മാതൃകാഫോറവും നിർദ്ദേശങ്ങളും **<u>sslcexamkerala.gov.in</u>** എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്).

(ഇ) മേൽപ്പറഞ്ഞിരിക്കുന്നതിന് വിരുദ്ധമായി കാൻഡിഡേറ്റ് ലിസ്റ്റ് സമർപ്പിക്കുന്ന പ്രഥമാദ്ധ്യാപകർ ക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) **Intelligent Character and Recognition (ICR) ഫോറം തയ്യാറാക്കൽ**

മുൻവർഷത്തെപ്പോലെ ഈ വർഷവും റഗുലർ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി കാർഡിൽ ഫോട്ടോ പ്രിന്റ് ചെയത് നൽകുന്നതാണ്. ഇതിനായി പ്രത്യേകം തയ്യാറാക്കിയ ICR (Intelligent Character and Recognition) ഫോറം വിതരണം ചെയ്യുന്നതാണ്. ICR ഫോറത്തിൽ ഓരോ കുട്ടിയുടെയും 2.5.x2.5 സൈസിലുള്ള ബ്ളാക്ക് ആന്റ് വൈറ്റ് ഫോട്ടോ പതിക്കേണ്ടതാണ്. കറുത്ത മഷിയിൽ തന്നെ വിദ്യാർത്ഥിയുടെ ഒപ്പും പതിക്കേണ്ടതാണ്.

ഒരേ പേരുള്ള ഒന്നിലധികം വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവരുടെ ഫോട്ടോ ICR ഫാറത്തിൽ പതിക്കുമ്പോൾ മാറിപ്പോകാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പൂരിപ്പിച്ച ICR ഫോറങ്ങൾ 10/01/2010 നു മുമ്പായി പരീക്ഷാഭവനിൽ തിരികെ ലഭിക്കേണ്ടതാണ്. വിശദ വിവരങ്ങൾ യഥാസമയം അറിയിക്കുന്നതാണ്.

**(ജി) <u>പരീക്ഷാഭവനിൽ നിന്നും നൽകുന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയശേഷം അതിൽ നിന്നും ലഭിക്കുന്ന Text Format പരീക്ഷാഭവന്റെ ഔദ്യോഗിക വെബ് പോർട്ടലായ sslcexamkerala.gov.in ലേക്ക് ഓൺലൈൻ വഴി 13.11.09 ന് മുൻപ് UPLOAD ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം സ്കൂൾ ഹെഡ്മാസ്റ്റർമാർക്കാണ്. കൂടാതെ UPLOAD ചെയ്യുന്ന Text Format CD യിൽ പകർത്തി സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്. പരീക്ഷാഭവനിൽ നിന്നും ആവശ്യപ്പെടുമ്പോൾ ഇത് ഹാജരാക്കേണ്ടതാണ്.</u>**

(എച്ച്) <u>ഡി.ഇ.ഒ. ഓഫീസിൽ ലഭിക്കുന്ന കാൻഡിഡേറ്റ് ലിസ്റ്റ് 14.11.2009 ന് പരീക്ഷാഭവനിൽ നിന്നും ശേഖരിക്കുന്നതാണ്.</u>

## 2. പി.സി.എൻ കാൻഡിഡേറ്റ്

റഗുലർ വിദ്യാർത്ഥികൾ ഒഴികെയുള്ള പി.സി.എൻ പരീക്ഷാർത്ഥികളുടെ വിശദവിവരങ്ങളടങ്ങിയ കാൻഡിഡേറ്റ് ലിസ്റ്റ് രണ്ടു വിധത്തിൽ തയ്യാറാക്കേണ്ടതാണ്. (എ ലിസ്റ്റും ബി ലിസ്റ്റും). എ ലിസ്റ്റിൽ പൂർണ്ണമായും ബയോഡാറ്റയും ബി ലിസ്റ്റിൽ 1 മുതൽ 7 വരെ യുള്ള കോളങ്ങളിൽ എ ലിസ്റ്റ് പ്രകാരവും 8 മുതൽ 17 വരെയുള്ള കോളങ്ങളിൽ പരീക്ഷാർത്ഥികൾ 2010 മാർച്ചിൽ എഴുതുന്ന പരീക്ഷകളുടെ വിഷയങ്ങൾക്ക് നേരേ ടിക് (✓ ) മാർക്കും രേഖപ്പെടുത്തേണ്ടതാണ്. ഈ രണ്ടു ലിസ്റ്റുകളും (A&B) ചീഫ് സൂപ്രണ്ടുമാർ 13.11.2009 ന് മുൻപ് ഡി.ഇ.ഒ ആഫീസുകളിൽ എത്തിക്കേണ്ടതും കൂടാതെ പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്പോർട്ടലിലേയ്ക്ക് അതാത് ഹെഡ്മാസ്റ്റർമാർ വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ Upload ചെയ്യേണ്ടതുമാണ്.

### "എ" ലിസ്റ്റ് തയ്യാറാക്കേണ്ട ക്രമം

എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അടങ്ങിയ കാൻഡിഡേറ്റ് ലിസ്റ്റ് താഴെപറയും പ്രകാരം തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ 13/11/2009ന് മുൻപായി ഏൽപ്പിക്കുന്നതിനോടൊപ്പം കാൻഡിഡേറ്റ് ലിസ്റ്റിന്റെ ഒരു പകർപ്പ് സ്കൂളുകളിൽ സൂക്ഷിക്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തിയ കാൻഡിഡേറ്റ് ലിസ്റ്റായിരിക്കണം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഏൽപ്പിക്കേണ്ടത്. **പരീക്ഷാർത്ഥികളുടെ വിവരങ്ങൾ (സോഫ്റ്റ് വെയറിൽ നിന്നു ലഭിക്കുന്നത്) CD യിൽ തെറ്റുകൂടാതെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഹെഡ്മാസ്റ്റർമാർ ഉറപ്പുവരുത്തിയിരിക്കണം.**

<table>
<tr><th>ക്രമ നമ്പർ</th><th>(കാൻഡിഡേറ്റ് വിഭാഗം)</th><th>(ഒന്നാം ഭാഷ പ്രകാരം)</th></tr>
<tr><td>1</td><td>റഗുലർ കാൻഡിഡേറ്റ്</td><td rowspan="7">(1) മലയാളം<br>(2)അഡീഷണൽ ഇംഗ്ലീഷ്<br>(3) അഡീഷണൽ ഹിന്ദി<br>(4) സംസ്കൃതം<br>(5) അറബി<br>(6) ഉറുദു<br>(7) തമിഴ്<br>(8) കന്നട<br>(9) ഗുജറാത്തി</td></tr>
<tr><td>2</td><td>പ്രൈവറ്റ് കാൻഡിഡേറ്റ്സ് (ന്യൂ സ്കീം) - (PCN) ഫുൾ കോഴ്സ് (എല്ലാ വിഷയങ്ങളും എഴുതുന്നവർ)</td></tr>
<tr><td>3</td><td>പ്രൈവറ്റ് കാൻഡിഡേറ്റ്സ് (ന്യൂ സ്കീം) (PCN) പാർട്ട് (യോഗ്യത നേടാത്ത വിഷയങ്ങൾ മാത്രം എഴുതുന്നവർ)</td></tr>
<tr><td>4</td><td>അറ്റൻഡൻസ് റീക്യൂപ്ഡ് ക്യാൻഡിഡേറ്റ് (ന്യൂ സ്കീം) (ARC)</td></tr>
<tr><td>5</td><td>മലയാളം മാത്രമുള്ളവർ (M)</td></tr>
<tr><td>6</td><td>ഹിന്ദി മാത്രമുള്ളവർ (H)</td></tr>
<tr><td>7</td><td>ബെറ്റർമെന്റ് (BT)</td></tr>
<tr><td colspan="3">ഓരോ വിഭാഗത്തിലും മലയാളം മീഡിയം ആദ്യമായും ഇംഗ്ലീഷ് മീഡിയം രണ്ടാമതായും എഴുതി വേണം ലിസ്റ്റ് തയ്യാറാക്കേണ്ടത്.</td></tr>
</table>

4. ഇംഗ്ലീഷ് അക്ഷരമാലാക്രമത്തിൽ ആദ്യം പെൺകുട്ടികളുടെ പേര് വിവരങ്ങളും പിന്നീട് ആൺകുട്ടികളുടെ പേര് വിവരങ്ങളും അവരുടെ കാൻഡിഡേറ്റ് വിഭാഗ പ്രകാരവും ഒന്നാം ഭാഷ പ്രകാരവുമാണ് എഴുതേണ്ടത്. ഇനിഷ്യൽ പേരിന്റെ പിന്നിൽ ചേർക്കേണ്ടതാണ്.

## V. മറ്റ് നിർദ്ദേശങ്ങൾ

(എ) **എല്ലാ വിഷയങ്ങളുടെയും നിരന്തരമൂല്യനിർണ്ണയത്തിന്റെ സ്കോർ 2010 ജനുവരി 20ന് 5 മണിക്ക് മുൻപായി പരീക്ഷാഭവനിൽ എത്തിക്കേണ്ടതാണ്.**

(ബി) പരീക്ഷാർത്ഥിയുടെ ബയോഡേറ്റ തയ്യാറാക്കുമ്പോൾ പ്രത്യേകിച്ച് പരീക്ഷാർത്ഥിയുടെ പേര് പൗരത്വം, മീഡിയം, ഒന്നാം ഭാഷ Part- I, Part- II, ജനനതീയതി എന്നിവ അത്യന്തം ശ്രദ്ധിക്കേണ്ടതാണ്.

(സി) നൽകിയിരിക്കുന്ന സമയവിവരപ്പട്ടികയനുസരിച്ച്, മുൻപ് ശനിയാഴ്ച രാത്രി പരീക്ഷ എഴുതുവാൻ അനുവാദം ഉണ്ടായിരുന്ന വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ അന്നേ ദിവസം വൈകുന്നേരം അതതു സെന്ററുകളിൽ പരീക്ഷ എഴുതുന്നതിന് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുന്നതാണ്. **ഇപ്രകാരം ആവശ്യപ്പെടുന്ന കുട്ടികളുടെ ലിസ്റ്റ് ഇതൊന്നിച്ച് നൽകിയിരിക്കുന്ന പ്രത്യേക ഫോമിൽ A List-നോടൊപ്പം ഹെഡ്മാസ്റ്റർമാർ നൽകേണ്ടതാണ്.** ബന്ധപ്പെട്ട രക്ഷിതാക്കളുടെ അപേക്ഷയും ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇവർക്കായുള്ള കൂടുതൽ നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതാണ്.

(ഡി) **മോഡ് ഓഫ് പ്രസന്റേഷൻ : -** ഈ കോളത്തിൽ പ്രൈവറ്റ് കാൻഡിഡേറ്റിനെ (ന്യൂ സ്കീം) PCN എന്നും, അറ്റൻഡൻസ് റീകൂപ്ഡ് കാൻഡിഡേറ്റിനെ ARC എന്നും , ബെറ്റർമെന്റ് BT എന്നും, മലയാളം മാത്രം M എന്നും ഹിന്ദി മാത്രം H എന്നും രേഖപ്പെടുത്തേണ്ടതാണ്.

(ഇ) ഗ്രേഡിംഗ് സമ്പ്രദായത്തിൽ ഉന്നത പഠനത്തിനുള്ള മിനിമം യോഗ്യതയായി ഡി+ ഗ്രേഡ് നിശ്ചയിച്ചിരിക്കുന്നതിനാൽ **2005 മാർച്ച് മുതൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് (പുതിയ സ്കീം) ഓരോ പേപ്പറിനും ഡി+ ഓ അതിനു മുകളിലോ ഗ്രേഡ് ലഭിക്കാത്ത കുട്ടികൾ പ്രസ്തുത വിഷയം മാത്രം എഴുതി ഗ്രേഡ് മെച്ചപ്പെടുത്തിയാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹരാകുന്നതാണ്.**

(എഫ്) സോഫ്റ്റ്വെയറിൽ നിന്നു ലഭിക്കുന്ന പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ വഴി പരീക്ഷാഭവന്റെ ഔദ്യോഗിക വെബ് പോർട്ടലിലേക്ക് 13/11/2009 ന് മുൻപായി UPLOAD ചെയ്തുവെന്ന് ഹെഡ്മാസ്റ്റർമാർ ഉറപ്പുവരുത്തേണ്ടതാണ്.

(ജി) ഗൾഫ് മേഖലയിലേയും, ലക്ഷദ്വീപിലേയും പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട് / ഹെഡ്മാസ്റ്റർ, അവരവരുടെ കേന്ദ്രങ്ങളിലെ പരീക്ഷാർത്ഥികളുടെ വിവരങ്ങൾ പരീക്ഷാർത്ഥികളുടെ ലിസ്റ്റിൽ എഴുതിച്ചേർക്കുകയും അതിന്റെ അടിസ്ഥാനത്തിൽ CD തയ്യാറാക്കി **കാൻഡിഡേറ്റ് ലിസ്റ്റ് പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിക്ക് 16.11.2009 ന്- മുമ്പ് സമർപ്പിക്കേണ്ടതുമാണ്. പരീക്ഷാഭവനിൽ നിന്നും സോഫ്റ്റ്വെയർ ഉപയോഗിച്ച് പരീക്ഷാർത്ഥികളുടെ വിവരം ഉൾപ്പെടുത്തി Text Format 13.11.2009 ന് മുമ്പ് Upload ചെയ്യേണ്ടതാണ്. ചീഫ് സൂപ്രണ്ടുമാർ/ പ്രധാന അദ്ധ്യാപകർ, കാൻഡിഡേറ്റ് ലിസ്റ്റ് ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം. പരീക്ഷാ ഫീസും** കാർഡിന്റെ വിലയും ഡിമാന്റ് ഡ്രാഫ്റ്റായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിയുടെ പേരിൽ അയയ്ക്കേണ്ടതാണ്.

(ജി) റെഗുലർ കാൻഡിഡേറ്റ് ഒഴികെയുള്ളവരിൽ നിന്നും പരീക്ഷാഫീസ് അതത് കേന്ദ്രങ്ങളിൽ ഹെഡ്മാസ്റ്റർമാർ സ്വീകരിക്കുമ്പോൾ എസ്.എസ്.എൽ.സി. ബുക്ക്/കാർഡ് എന്നിവയിൽ തിരുത്തലുകളോ ക്രമക്കേടുകളോ നടന്നിട്ടില്ലായെന്ന് ഉറപ്പു വരുത്തി അപേക്ഷയോടോപ്പം പരീക്ഷാകേന്ദ്രങ്ങളിൽ സൂക്ഷിക്കേണ്ടതും പുതിയ മാർക്ക് ലിസ്റ്റ് ലഭിച്ചാലുടൻ ബുക്ക്/കാർഡ് സഹിതം പരീക്ഷാർത്ഥികൾക്ക് തിരികെ നൽകേണ്ടതുമാണ്. **യാതൊരു കാരണവശാലും ഒറിജിനൽ സർട്ടിഫിക്കറ്റ്/കാർഡ് പരീക്ഷാ ഭവനിലേയ്ക്ക് അയയ്ക്കുവാൻ പാടില്ല.**

(എച്ച്) എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചിട്ടുള്ളവർക്ക് ഫലം മെച്ചപ്പെടുത്തുന്നതിന് മുൻ പരീക്ഷാഫലം റദ്ദാക്കപ്പെടാതെ അവസരം നൽകിയിരുന്നത് ഗ്രേഡിംഗ് രീതിയിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി ഉന്നതവിദ്യാഭ്യാസത്തിന് അർഹരാകുന്നവർക്കും ബാധകമാണ്. എന്നാൽ നിരന്തര മൂല്യനിർണ്ണയത്തിന്റെ ഫലം മെച്ചപ്പെടുത്താൻ അവസരമുണ്ടായിരിക്കുകയില്ല.

(ഐ) ഒരേ പേരുള്ള ഒന്നിലധികം കുട്ടികൾ ഉണ്ടെങ്കിൽ അവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. ഇങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് പിതാവിന്റെ പേരു കൂടി ചേർത്ത് നൽകേണ്ടതാണ്. പിതാവിന്റെ പേരും ഒന്നു തന്നെയാണെങ്കിൽ വീട്ടുപേർ കൂടി ചേർക്കേണ്ടതാണ്.

**VI.** എ. **ഗ്രേസ് മാർക്ക് ആനുകൂല്യം:-**

1. പുതിയ സ്കീമിൽ പരീക്ഷ എഴുതുന്നവർക്ക് 11.10.2004-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്)313/2004/പൊ.വിവ. പ്രകാരം വിവിധ സർക്കാർ ഉത്തരവുകളിലൂടെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് നൽകി വരുന്ന ഗ്രേസ് മാർക്ക്, നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി എഴുത്തുപരീക്ഷയുടെ വിഷയങ്ങൾക്ക് (അഗ്രിഗേറ്റ് 490 മാർക്കിന്) തുടർന്നും നൽകുന്നതാണ്.
2. പരമാവധി അനുവദിക്കുന്നത് എ ഗ്രേഡിന്റെ റേഞ്ചിൽ (80-89 ശതമാനം) വരെ മാത്രമായിരിക്കും. അത്‌ലറ്റിക്സ്, ഗെയിംസ്, അക്വാറ്റിക് ഇനങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ച കുട്ടികൾക്ക് ഡി+ ലഭിക്കാൻ വേണ്ടി 10% മാർക്ക് വരെ അനുവദിച്ചു നൽകുന്നതാണ്.
3. **സംസ്ഥാന സ്കൂൾ കലോത്സവം, അറബിക്/സംസ്കൃതോത്സവം, സ്പെഷ്യൽ സ്കൂൾ കലോത്സവം, ശാസ്ത്രമേള, ഗണിത ശാസ്ത്രമേള, പ്രവൃത്തി പരിചയമേള, ഐ.റ്റി. മേള, സ്കൗട്ട്സ് & ഗൈഡ്സ് (രാഷ്ട്രപതി അവാർഡ്/ രാജ്യപുരസ്ക്കാർ), ജൂനിയർ റെഡ് ക്രോസ്, ദേശീയ ബാലശാസ്ത്ര കോൺഗ്രസ്, എൻ.സി.സി എന്നിവയിൽ സ്ഥാനവും ഗ്രേഡും നേടുന്നവർക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ട്. (വിശദാംശങ്ങൾക്ക് അപ്പെൻഡിക്സ് 'ഐ' ആയി ചേർത്തിട്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/1/2009- ലെ നം. വൈ 1/3600/ഡിപിഐ സർക്കുലർ കാണുക)**
4. പൊതുവിദ്യാഭ്യാസ ഡയറക്ടർ സംസ്ഥാനതലത്തിൽ നടത്തുന്ന കേരള സ്റ്റേറ്റ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ്/കേരള സ്കൂൾ അക്വാറ്റിക് മീറ്റ്/സ്കൂൾ ഗെയിംസ് ഫെസ്റ്റിവൽ മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടുന്ന കുട്ടിക്ക് 5% മാർക്ക് ഗ്രേസ് മാർക്കായി അനുവദിച്ചിട്ടുണ്ട്. (5% മാർക്ക് നേടിയാലും ഉപരിപഠനത്തിന് അർഹത നേടാത്തവർക്ക് അർഹത നേടുന്നതിനായി 10% വരെ മാർക്ക് നൽകുന്നതാണ്). രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 5% ഉം 3% ഉം ഗ്രേസ് മാർക്കായി അനുവദിക്കുന്നതാണ്.

അന്താരാഷ്ട്ര മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിച്ചവർക്ക് 20%, നാഷണൽ സ്കൂൾ മീറ്റുകളിൽ പങ്കെടുത്ത് സ്വർണ്ണ മെഡൽ നേടുന്നവർക്ക് 15%, വെള്ളി മെഡൽ നേടുന്നവർക്ക് 13%, വെങ്കല മെഡൽ നേടുന്നവർക്ക് 11%, പങ്കെടുത്തവർക്ക് 10%, എന്നിങ്ങനെയും ഗ്രേസ് മാർക്ക് അനുവദിച്ചിട്ടുണ്ട്.

5. സ.ഉ. (സാധാ) നംപർ 2263/09 പൊ.വി.വ തീയതി 9/6/09 പ്രകാരം സംസ്ഥാന സ്കൂൾ കായിക മേളകളിൽ അത്‌ലറ്റിക്സ് വിഭാഗത്തിൽ നാലുമുതൽ 8 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്കും ഗെയിംസ് വിഭാഗത്തിൽ നാലുമുതൽ ആറു വരെ സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്കും എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് 2% മാർക്ക് ഗ്രേസ് മാർക്കായി 2009 മാർച്ച് മുതൽ അനുവദിച്ചിട്ടുണ്ട്.

6. ജി.ഒ(എം.എസ്) നം. 75/94/പൊ.വി.വ. തീയതി 12/5/1994 പ്രകാരം അനുവദിച്ചിട്ടുള്ള ഗ്രേസ് മാർക്ക് 2009 മാർച്ച് മുതൽ സംസ്ഥാന/ദേശീയ തലത്തിൽ വിദ്യാഭ്യാസ വകുപ്പും സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇൻഡ്യയും നടത്തുന്ന ബേസ്ബാൾ മത്സരങ്ങളിൽ പങ്കെടുക്കുന്ന ബേസ്ബാൾ കായികതാരങ്ങൾക്കുകൂടി ബാധകമാക്കി ഉത്തരവായിട്ടുണ്ട്. (സ.ഉ. (സാധാ) നം. 2482/09 പൊ.വി.വ. തീയതി 20/6/09).

7. സ്പോർട്സ് & ഗെയിംസ് ഇനങ്ങളിൽ ഗ്രേസ് മാർക്കിനുള്ള അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടത്.

## ബി) ഗ്രേസ് മാർക്കിന് അപേക്ഷിക്കേണ്ട വിധം

1. ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ പട്ടിക നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് സഹിതം (അസ്സൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഗസറ്റഡ് ആഫീസർ അറ്റസ്റ്റ് ചെയ്തിരിക്കണം.) വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകരുടെ മേലൊപ്പോടുകൂടി അതാത് ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്ക് സമർപ്പിക്കുന്നതിനു മുമ്പായി ഫോറത്തിലെ 2 മുതൽ 9 വരെയുള്ള കോളങ്ങളിൽ നൽകിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ പ്രഥമാദ്ധ്യാപകർ അപേക്ഷകൾ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്ക് അയയ്ക്കാവൂ.
2. ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സ്, എൻ.സി.സി, സ്പോർട്സ് & ഗെയിംസ് വിഭാഗങ്ങളുടെ ഗ്രേസ് മാർക്ക് അനുവദിക്കുന്നത് പൊതുവിദ്യാഭ്യാസഡയറക്ടറാണ്. ജില്ലാവിദ്യാഭ്യാസ ആഫീസർമാർ ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സിന്റെ മാർക്കിനുള്ള അപേക്ഷകൾ "ഡയറക്ടർ, സയൻസ് സെന്റർ, ജവഹർ നഗർ, കൊല്ലം" എന്ന വിലാസത്തിലും എൻ.സി.സിയുടെ ഗ്രേസ് മാർക്കിനുള്ള അപേക്ഷ "ഡെപ്യൂട്ടി ജനറൽ (എൻ.സി.സി), എൻ.സി.സി ഡയറക്ടറേറ്റ് (കെ& എൽ), സ്റ്റേറ്റ് വിങ്ങ്, വഴുതക്കാട്, തിരുവനന്തപും" എന്ന വിലാസത്തിലും അയച്ചു കൊടുക്കേണ്ട താണ്. ടി ആഫീസുകളിൽ നിന്നും ശുപാർശ ചെയ്യുന്ന അപേക്ഷകർക്ക് മാത്രമേ ഈ വിഭാഗങ്ങളിലെ ഗ്രേസ് മാർക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ അനുവദിക്കുകയുള്ളൂ.
3. ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സ്, എൻ.സി.സി വിഭാഗങ്ങൾ ഒഴികെയുള്ള മറ്റെല്ലാ വിഭാഗങ്ങളിലേയും ഗ്രേസ് മാർക്ക് അനുവദിക്കുന്നത് അതാതു ജില്ലാവിദ്യാഭ്യാസ ആഫീസർ മാരായിരിക്കും.
4. പ്രധാന അദ്ധ്യാപകർ ഗ്രേസ് മാർക്കിനുള്ള അപേക്ഷ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്ക് സമർപ്പിക്കുന്നതിനുള്ള അപേക്ഷാഫാറവും ജില്ലാവിദ്യാഭ്യാസ ആഫീസർമാർ ഗ്രേസ് മാർക്ക് അനുവദിച്ചു കൊണ്ടുള്ള നടപടി ഉത്തരവിനോടൊപ്പം സമർപ്പിക്കുന്ന ഫാറത്തിന്റെ മാതൃകയും വിശദാംശങ്ങളും ഇതൊന്നിച്ചുള്ള **അപ്പെൻഡിക്സ് ഐ** കാണുക.
5. ജില്ലാവിദ്യാഭ്യാസ ആഫീസർമാർ ഗ്രേസ് മാർക്ക് അനുവദിച്ചു കൊണ്ടുള്ള നടപടിഉത്തരവും അതോടൊപ്പമുള്ള ലിസ്റ്റും "സെക്രട്ടറി, പരീക്ഷാകമ്മീഷണറുടെ കാര്യാലയം, പരീക്ഷാഭവൻ,

പൂജപ്പുര, തിരുവനന്തപുരം-12" എന്ന വിലാസത്തിൽ 20/02/2010 ന് മുമ്പായി ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

6. **രക്ഷിതാക്കളോ, വിദ്യാർത്ഥികളോ പ്രഥമാദ്ധ്യപകരോ ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ യാതൊരു കാരണവശാലും നേരിട്ട് ഈ കാര്യാലയത്തിലേയ്ക്ക് അയയ്ക്കുവാൻ പാടില്ല.**

## VII. കാഴ്ച കുറവുള്ളവർക്കും കേൾവിക്കുറവുള്ളവർക്കും അസ്ഥിസംബന്ധമായ (ഓർത്തോ- പീഡിക്കലി ചലഞ്ച്ട് ) അംഗവൈകല്യം സംഭവിച്ചവർക്കും നൽകുന്ന ആനുകൂല്യങ്ങൾ

(എ) കാഴ്ച കുറവുള്ള പരീക്ഷാർത്ഥികളെ ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ്, ജ്യോമട്രിക്കൽ ഫിഗേഴ്സ് തുടങ്ങിയ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കുന്നതാണ്. ഇത്തരം പരീക്ഷാർത്ഥികൾക്ക് ഓരോ മണിക്കൂറിനും പത്ത് മിനിട്ട് വീതവും ബ്രയിലി ലിപി പരീക്ഷ എഴുതുന്ന കുട്ടികൾക്ക് മണിക്കൂറിന് 15 മിനിട്ട് വീതവും അധിക സമയം അനുവദിക്കുന്നതാണ്. കാഴ്ചക്കുറവുള്ള പരീക്ഷാർത്ഥികൾ പൊതുപരീക്ഷയ്ക്ക് വരുമ്പോൾ ആവശ്യമെങ്കിൽ സ്ക്രൈബിന്റെ സഹായത്തിന് ഒരു പേപ്പറിന് അഞ്ച് രൂപ ക്രമത്തിൽ നല്കുന്നതാണ്. സ്ക്രൈബിന്റെ സഹായത്താൽ പരീക്ഷ എഴുതുന്നതിന് ഓരോ മണിക്കൂറിനും 10 മിനിറ്റ് അധികം നൽകുന്നതാണ്. സ്ക്രൈബായി തെരഞ്ഞെടുക്കപ്പെടുന്നയാൾ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ബന്ധപ്പെട്ട വിഷയത്തിന് 50% മാർക്കിലധികമോ C+ ന് മുകളിലുള്ള ഗ്രേഡോ നേടാത്തവരോ, എസ്.എസ്.എൽ.സി പരീക്ഷ തോറ്റവരോ ആയിരിക്കണം. ഇവർക്ക് മറ്റ് ഉയർന്ന വിദ്യാഭ്യാസ യോഗ്യതകൾ ഉണ്ടാകാൻ പാടില്ല. (13.11.1969 തീയതിയിലുള്ള ജി.ഒ.(പി)412/69, 09.09.1980 ലെ ജി.ഒ(എം.എസ്) 142/80 ആയുള്ള സർക്കാർ ഉത്തരവുകൾ) സ്ക്രൈബുകളെ നിയമിക്കുന്നതിന്റെ ഉത്തരവാദിത്വം ജില്ലാ വിദ്യാഭ്യാസ ആഫീസർമാരിൽ നിക്ഷിപ്തമായിരിക്കും. (ജി.ഒ (ആർ.റ്റി) 110/05 തീയതി 06.01.2005). ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ കണക്ക് വിഷയം ഒഴിവാക്കാവുന്നതും പകരം കമ്പ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്ക്, വോക്കൽ മ്യൂസിക്ക്, ഇൻസ്ട്രുമെന്റൽ മ്യൂസിക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരീക്ഷ എഴുതാവുന്നതുമാണ്.

(ബി) കേൾവിക്കുറവുള്ള പരീക്ഷാർത്ഥികളുടെ പരീക്ഷാജ്ഞാനക്കുറവ് കണക്കിലെടുത്ത് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഉപരിപഠനാർഹത നേടുന്നതിന് വേണ്ടി എഴുത്ത് പരീക്ഷയിൽ അവർ നേടുന്ന മാർക്കിന്റെ 25% മാർക്ക് വരെ അധികമായി നൽകുന്നതാണ്. ഇവർക്ക് താൽപര്യമെങ്കിൽ മലയാളമോ ഇംഗ്ളീഷോ കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഇത്തരം വിദ്യാർത്ഥികൾക്ക് അവരുടെ താൽപര്യവും അഭിരുചിയും അനുസരിച്ച് കമ്പ്യൂട്ടർ വിദ്യാഭ്യാസം, ഹോർട്ടി കൾചർ, കേറ്ററിംഗ്, ഡ്രോയിംഗ്, പെയിന്റിംഗ് എന്നീ വിഷയങ്ങൾ ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി സ്വീകരിക്കാവുന്നതാണ്. മലയാളം വിഷയത്തിൽ രണ്ടു പേപ്പറുകൾ നിലവിലുള്ളതിനാൽ അവയ്ക്ക് പകരമായി ഇവയിൽ രണ്ടെണ്ണം തിരഞ്ഞെടുക്കേണ്ടതാണ്. കേൾവിക്കുറവുള്ള പരീക്ഷാർത്ഥികൾക്ക് ആവശ്യമെങ്കിൽ ഒരു വ്യാഖ്യാതാവിന്റെ സേവനം കൂടി അനുവദിക്കാവുന്നതാണ്.

(സി) ശാരീരികമായ അംഗവൈകല്യം മൂലം കൈകൾ സ്വതന്ത്രമായി ചലിപ്പിക്കുവാൻ കഴിയാത്ത പരീക്ഷാർത്ഥികൾക്ക് ഓരോ പേപ്പറിനും ഓരോ മണിക്കൂറിനും പത്ത് മിനിട്ട് വീതം അധിക സമയം അനുവദിക്കുന്നതാണ്. അവരെ ഗ്രാഫ്, ഡയഗ്രംസ്, ഡ്രോയിംഗ്, ജ്യോമട്രിക്കൽ ഫിഗേഴ്സ് തുടങ്ങിയ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കുന്നതാണ്. ഇത്തരം കുട്ടികൾക്ക് കൈകൾ ഉപയോഗിച്ച്

ഉത്തരം എഴുതാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണെങ്കിൽ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയെ (സ്ക്രൈബ്) അനുവദിക്കുന്നതാണ്.

(ഡി) ബുദ്ധിമാന്ദ്യമുള്ള (40%മോ അതിനു മുകളിലോ) കുട്ടികൾക്ക് എസ്.എസ്.എൽ.സി.പരീക്ഷയിൽ ഉപരിപഠനാർഹത നേടുന്നതിനു വേണ്ടി തിയറി പേപ്പറിന് കിട്ടിയ മാർക്കിന്റെ 25% മാർക്ക് വരെ അധികമായി നൽകുന്നതാണ്. ഇത്തരം കുട്ടികൾക്ക് മേൽ (എ), (ബി), (സി) വിഭാഗങ്ങൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നതാണ്.

(ഇ) മേൽ വിവരിച്ച നാലു വിഭാഗങ്ങൾക്കും വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ജി.ഒ(ആർ.റ്റി) നം. 110/05 തീയതി 06.01.2005 എന്ന സർക്കാർ ഉത്തരവിനു വിധേമായുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. പഠന വൈകല്യമുള്ള കുട്ടികൾക്ക് മണിക്കൂറിന് 10 മിനിട്ട് വീതം അധിക സമയവും വൈകല്യത്തിന്റെ സ്വഭാവം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങളും നൽകുന്നതാണ്.

ഡിസ്ലക്സിയ ഉള്ള കുട്ടികൾക്ക് വ്യാഖ്യാതാവിന്റെ സേവനവും ഡിസ്ഗ്രാഫിയ ഉള്ള കുട്ടികൾക്ക് സ്ക്രൈബും, ഡിസ്കാൽക്കുലിയ അനുഭവപ്പെടുന്ന കുട്ടികൾക്ക് കണക്ക് വിഷയം ഒഴിവാക്കുകയോ അല്ലെങ്കിൽ പ്രസ്തുത വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിനെ അനുവദിക്കുകയോ ചെയ്യുന്നതാണ്. ഭാഷാ വിഷയങ്ങൾ, കണക്ക് എന്നിവ ഒഴിവാക്കുന്ന കുട്ടികളുടെ നിരന്തര മൂല്യ നിർണ്ണയം നടത്തേണ്ടത് അവർ പകരം തിരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ ആയിരിക്കും.

(എഫ്) മേൽ പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി നിശ്ചിത അപേക്ഷ (മാതൃകയ്ക്കായി **അനുബന്ധം എഫ്** കാണുക) 40% മോ അതിൽ കൂടുതലോ വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോപ്പിയോടൊപ്പം വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയോടുകൂടി 30.11.2009-ന് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ശാരീരികമായ അംഗ വൈകല്യം, ബുദ്ധിമാന്ദ്യം, പഠനവൈകല്യം എന്നീ വൈകല്യങ്ങൾ അനുഭവിക്കുന്ന പരീക്ഷാർത്ഥികൾക്കു മേൽപറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും കേൾവിക്കുറവുള്ള പരീക്ഷാർത്ഥികൾക്ക് വ്യാഖ്യാതാവിനെ അനുവദിക്കുന്നതിനും മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ കോപ്പിയോടൊപ്പം പ്രസ്തുത ആനുകൂല്യങ്ങൾ പരീക്ഷാർത്ഥികൾക്ക് ആവശ്യമാണെന്ന് അതാത് വിഭാഗത്തിലെ യോഗ്യരായ സ്പെഷ്യലിസ്റ്റ് സർക്കാർ ഡോക്ടർമാർ രേഖപ്പെടുത്തിയ ഒരു പ്രത്യേക സർട്ടിഫിക്കറ്റും മേൽ പറഞ്ഞ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## VIII. പരീക്ഷാഫീസ് ഒടുക്കേണ്ടതും അസ്സൽ കാൻഡിഡേറ്റ് ലിസ്റ്റ് സമർപ്പിക്കേണ്ടതും ആയ തീയതികൾ.

**ന്യൂസ്കീം (സ്കൂൾ ഗോയിംങ്ങ് /പി.സി.എൻ വിഭാഗങ്ങൾ)**

| | | |
|---|---|---|
| (എ) | അപേക്ഷയും ഫീസും പിഴ കൂടാതെ പരീക്ഷ സെന്ററുകളിലെ ഹെഡ്മാസ്റ്റർമാർ വാങ്ങേണ്ട തീയതി | 30.10.2009 മുതൽ 04.11.2009 വരെ |
| (ബി) | 30.10.2009 മുതൽ 04.11.2009 വരെ ലഭിച്ച ഫീസുകൾ ഖജനാവിൽ ഒടുക്കേണ്ട തീയതി | 05.11.2009 |

| | | |
|---|---|---|
| (സി) | പിഴയോടുകൂടി പരീക്ഷാഫീസും അപേക്ഷയും സ്വീകരിക്കേണ്ട തീയതി | 05.11.2009 മുതൽ 09.11.2009 വരെ |
| (ഡി) | പിഴയോടുകൂടി ലഭിച്ചിട്ടുള്ള തുക ഖജനാവിൽ ഒടുക്കേണ്ട തീയതി | 10.11.2009 |
| (ഇ) | എസ്.എസ്.എൽ.സി കാർഡിന്റെ തുക ഹെഡ്മാസ്റ്റർമാർ ഖജനാവിൽ അടയ്ക്കേണ്ട അവസാന തീയതി | 10.11.2009 |
| (എഫ്) | പരീക്ഷാർത്ഥികളുടെ സാക്ഷ്യപ്പെടുത്തിയ കാൻഡിഡേറ്റ് ലിസ്റ്റുകൾ CD സഹിതം സ്കൂളുകളിൽ നിന്ന് ബന്ധപ്പെട്ട ഡി.ഇ.ഒ. മാർക്ക് നൽകേണ്ട തീയതി | 13.11.2009 |
| (ജി) | ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കാൻഡിഡേറ്റ് ലിസ്റ്റും CD യും പരീക്ഷാസെക്രട്ടറിക്ക് കൈമാറേണ്ട തീയതി | 14.11.2009 |
| (എച്ച്) | സോഫ്റ്റ് വെയറിൽ നിന്നുള്ള Text Format Upload ചെയ്യാനുള്ള അവസാന തീയതി | 17/11/2009 |

<u>കുറിപ്പ്:-</u>(1) **നിശ്ചിത തീയതിക്കുശേഷം പരീക്ഷാർത്ഥികളിൽ നിന്നും ഫീസ് പരീക്ഷാകേന്ദ്ര മേധാവികൾ സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.**

(2) പിരിച്ചെടുത്ത ഫീസുകൾ അതിലേയ്ക്കായി നിശ്ചയിച്ചിട്ടുള്ള തീയതികളിൽ തന്നെ ഖജനാവിൽ ഒടുക്കേണ്ടതാണ്. വൈകിയുള്ള പണം ഒടുക്കൽ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

(3) അസ്സൽ ചെലാൻ, സർട്ടിഫിക്കറ്റ് കാർഡ് / ബുക്ക്, അപേക്ഷ എന്നിവ മറ്റു പരിശോധനകൾക്കായി പരീക്ഷാ കേന്ദ്രങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

(4) കാൻഡിഡേറ്റ് ലിസ്റ്റ് കറുത്ത മഷി ഉപയോഗിച്ച് തയ്യാറാക്കണം. പ്രസ്തുത ലിസ്റ്റും, സി.ഡി.യും പരീക്ഷാഭവൻ സെക്രട്ടറി ഡി.ഇ.ഒ.മാരിൽ നിന്ന് നേരിട്ട് ശേഖരിക്കുന്നതായിരിക്കും.

(5) കാൻഡിഡേറ്റ് ലിസ്റ്റിൽ കുട്ടികളുടെ പേര് അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതു പോലെ വലിയ അക്ഷരത്തിൽ (ക്യാപ്പിറ്റൽ ലെറ്റേഴ്സ്) ആയിരിക്കണം എഴുതേണ്ടത്.

(6) **CD യിലേയും കാൻഡിഡേറ്റ് ലിസ്റ്റിലേയും വിവരങ്ങൾ ഒരുപോലെയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം ചീഫ് സൂപ്രണ്ടിന്റെ സർട്ടിഫിക്കറ്റ് സഹിതം മാത്രമേ 'A' ലിസ്റ്റുകളും സി.ഡി യും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് കൈമാറാൻ പാടുള്ളൂ. (ഈ ഓഫീസ് സർക്കുലർ നം. സി ജനറൽ (1) 22887/04 തീയതി 14.06.2004)**

## IX. <u>പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട വിധം</u>

ഓരോ വിഭാഗത്തിൽപ്പെടുന്നവർക്കും അപേക്ഷിക്കുന്നതിനായി പ്രത്യേകം അപേക്ഷാ ഫാറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

(എ) **അനുബന്ധം (എ)** - പ്രൈവറ്റായും അറ്റന്റൻസ് റീക്യൂപ്ഡായും, ബെറ്റർമെന്റായും പരീക്ഷയെഴുതുവാൻ ആഗ്രഹിക്കുന്നവരെ ഉദ്ദേശിച്ചിട്ടുള്ളതാണ്.

(ബി) **അനുബന്ധം (ബി) -** പ്രഥമ ഭാഷയോ ഹിന്ദി മാത്രമോ എഴുതുന്നവർക്കായുള്ള പൊതു ഫാറമാണ്.

**കുറിപ്പ്:-** (1) മേൽ സൂചിപ്പിച്ച ഫാറങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതല്ല.

(2) ഫൂൾസ്ക്യാപ് പേപ്പറിന്റെ പകുതി വലിപ്പത്തിൽ ടൈപ്പ് ചെയ്യപ്പെട്ട ഫാറമോ കൈയെഴുത്തു ഫാറമോ ഉപയോഗിക്കാവുന്നതാണ്. (എ-4 സൈസ് പേപ്പർ)

(3) ഈ വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കനുസൃതമായിട്ടായിരിക്കണം ഫാറം തയ്യാറാക്കേണ്ടത്.

(4) പരീക്ഷാർത്ഥിയുടെ സ്വന്തം കൈപ്പടയിൽ ശ്രദ്ധാപൂർവ്വം ഫാറങ്ങൾ പൂരിപ്പിക്കേണ്ടതാണ്.

(5) പരീക്ഷാ കേന്ദ്രത്തിന്റെ നമ്പരും പേരും വ്യക്തമായി എഴുതുകയും അത് വിജ്ഞാപനത്തിൽ കൊടുത്തിട്ടുള്ളതുമായി യോജിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.

6) പി.സി.എൻ. വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ അവർ എഴുതുവാൻ ഉദ്ദേശിക്കുന്ന വിഷയങ്ങൾ ഏതൊക്കെയെന്ന് വളരെ ശ്രദ്ധപൂർവ്വം രേഖപ്പെടുത്തേണ്ടതും പരീക്ഷാ ഫീസ് പരീക്ഷാ സെന്ററിലെ ഹെഡ്മാസ്റ്ററെ ഏൽപ്പിക്കേണ്ടതുമാണ്.

(7) സമയപരിധിക്കുള്ളിൽ അടച്ചിട്ടില്ലാത്തതും നിശ്ചിത തുക മുഴുവൻ അടയ്ക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

(8) പ്രൈവറ്റ് വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. ബുക്ക്/കാർഡുകൾ പരിശോധിച്ച ശേഷം അവർ പരീക്ഷയ്ക്കിരിക്കുവാൻ നിശ്ചയിച്ചിട്ടുള്ള സെന്ററിലെ ഹെഡ്മാസ്റ്റർ അപേക്ഷ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(9) അപേക്ഷ, എസ്.എസ്.എൽ.സി. ബുക്ക്/കാർഡ് തുടങ്ങിയവ ഏതെങ്കിലും മദ്ധ്യവർത്തികളെ ഏൽപ്പിക്കാതിരിക്കാൻ അപേക്ഷകർ പ്രത്യേകം ശ്രദ്ധിക്കണം.

(സി) (1) പരീക്ഷയ്ക്കു ചേരുന്ന വിദ്യാർത്ഥികൾ അപേക്ഷയും സർട്ടിഫിക്കറ്റ് ബുക്കും പരീക്ഷാ ഫീസിനുള്ള തുകയും ഈ വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള നിശ്ചിത തീയതിക്ക് മുൻപായി അവർ തെരഞ്ഞെടുത്തിട്ടുള്ള പരീക്ഷാ കേന്ദ്രത്തിലെ ഹെഡ്മാസ്റ്ററെ ഏൽപ്പിക്കേണ്ടതാണ് യാതൊരു കാരണവശാലും ഒറിജിനൽ സർട്ടിഫിക്കറ്റ് **ഹെഡ്മാസ്റ്റർമാർ പരീക്ഷാഭവനിൽ അയയ്ക്കരുത്.**

(2) ഓരോ ഇനത്തിലുമുള്ള ഫീസിനും സ്കൂളിൽ ഉപയോഗിക്കുന്ന ഫീസ്രസീത് ബുക്കിൽ നിന്നും രസീതുകൾ നൽകേണ്ടതാണ്.

(3) പരീക്ഷാർത്ഥികൾ അവരുടെ വാസസ്ഥലത്തിനടുത്തുള്ള പരീക്ഷാ കേന്ദ്രങ്ങൾ (തിരിച്ചറിയാനുള്ള സൗകര്യത്തിനുവേണ്ടി) തെരഞ്ഞെടുക്കേണ്ടതാണ്. ഒരു പ്രാവശ്യം പരീക്ഷയ്ക്കുള്ള കേന്ദ്രങ്ങൾ നിശ്ചയിച്ചുകഴിഞ്ഞാൽ യാതൊരു കാരണവശാലും പിന്നീട് അവ മാറ്റുവാൻ അനുവദിക്കുന്നതല്ല.

(4) പരീക്ഷാ കേന്ദ്രങ്ങൾ അല്ലാത്ത വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ കാൻഡിഡേറ്റ് ലിസ്റ്റും കമ്പ്യൂട്ടർ CD യും തയ്യാറാക്കി പരീക്ഷാ കേന്ദ്രത്തിൽ 12.11.2009 ന് മുൻപ് നൽകേണ്ടതാണ്.

(5) അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും അയയ്ക്കുന്ന കുട്ടികളുടെ കാൻഡിഡേറ്റ് ലിസ്റ്റും സി.ഡി.യും 12.11.2009 നോ അതിനുമുൻപോ തെരഞ്ഞെടുത്ത പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്.

## X. എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുള്ള രേഖകൾ അയയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

(എ) പരീക്ഷാർത്ഥികളുടെ വിവരശേഖരണ പട്ടികയും (കാൻഡിഡേറ്റ് ലിസ്റ്റ്) കമ്പ്യൂട്ടർ CD യും പ്രത്യേകം പ്രത്യേകം കവറുകളിൽ / പാക്കറ്റുകളിൽ ഉള്ളടക്കം ചെയ്തശേഷം അതിനു മുകളിൽ പരീക്ഷാ കേന്ദ്രത്തിന്റെ നമ്പർ, പേര്, വിദ്യാഭ്യാസ ജില്ലയുടെ പേര്, കേന്ദ്രത്തിന്റെ ടെലിഫോൺ നമ്പർ എന്നിവയും "സെക്രട്ടറി റ്റു ദി കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം -12" എന്ന മേൽവിലാസവും വ്യക്തമായി കാണിച്ച് 13.11.2009 നോ അതിനു മുൻപോ ബന്ധപ്പെട്ട ഡി.ഇ.ഒ. മാർക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

## XI. അഡ്മിഷൻ ടിക്കറ്റ് വിതരണം സംബന്ധിച്ച് :

### (എ) റഗുലർ വിദ്യാർത്ഥികൾ :

റഗുലർ വിദ്യാർത്ഥികളുടെ ഹാൾടിക്കറ്റുകൾ ഓൺലൈൻ വഴി മുൻവർഷത്തെപ്പോലെ വിതരണം ചെയ്യുന്നതാണ്.

### (ബി) പ്രൈവറ്റ് പരീക്ഷാർത്ഥികൾ :

പ്രൈവറ്റ് പരീക്ഷാർത്ഥികൾക്ക് ഹാൾടിക്കറ്റ് നൽകുന്നത് അതത് ചീഫ് സൂപ്രണ്ടുമാരായിരിക്കും. പരീക്ഷാർത്ഥികളുടെ ഹാൾടിക്കറ്റുകൾ ഓൺലൈൻ വഴി ലഭിക്കുന്നതാണ്. ഹാൾടിക്കറ്റിൽ പരീക്ഷാർത്ഥികളുടെ ഫോട്ടോ പതിച്ച് വേണം വിതരണം ചെയ്യേണ്ടത്. റഗുലർ/ പ്രൈവറ്റ് പരീക്ഷാർത്ഥികളെ ശരിയായി തിരിച്ചറിഞ്ഞ് പൂർണ്ണവിശ്വാസം വന്നതിനു ശേഷം മാത്രമേ ഹാൾടിക്കറ്റ് നൽകുവാൻ പാടുള്ളൂ. അടുത്തകാലത്ത് എടുത്തതും വിദ്യാർത്ഥി മുമ്പ് പഠിച്ചിരുന്ന സ്കൂൾ ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയതുമായ ഒരു ഫോട്ടോ ഹാജരാക്കുവാൻ ചീഫ് സൂപ്രണ്ട്/ പ്രഥമാദ്ധ്യാപകൻ ആവശ്യപ്പെടേണ്ടതാണ്. **യാതൊരു കാരണവശാലും ഹാൾടിക്കറ്റുകൾ മാറികൊടുക്കുവാൻ ഇടയാകരുത്. അതുമൂലം പരീക്ഷാർത്ഥികൾക്ക് ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ചീഫ് സൂപ്രണ്ടു തന്നെയായിരിക്കും ഉത്തരവാദി. പ്രൈവറ്റ് കാൻഡിഡേറ്റ്സിന് പ്രത്യേകം ഹാൾടിക്കറ്റ് കൊടുക്കേണ്ടതാണ്. തിരിച്ചറിയൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിഞ്ജാപനത്തിനോടൊപ്പം ചേർത്തിട്ടുണ്ട്.**

### (ബി) പൊതുനിർദ്ദേശങ്ങൾ:

(എ) പരീക്ഷ ആരംഭിക്കുന്നതിന് മൂന്നു ദിവസം മുമ്പെങ്കിലും ഹാൾ ടിക്കറ്റ് നൽകേണ്ടതാണ്.

(ബി) ഹാൾ ടിക്കറ്റുകൾ ലഭിച്ചാൽ ഉടൻ തന്നെ പരീക്ഷാർത്ഥികൾ അവയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ വിശദമായി പരിശോധിച്ച് അതിൽ ഏതെങ്കിലും തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ ഉടൻതന്നെ ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്ററുടെയോ ചീഫ് സൂപ്രണ്ടിന്റെയോ ശ്രദ്ധയിൽ കൊണ്ടുവന്ന് തെറ്റു തിരുത്തേണ്ടതാണ്. പരീക്ഷ തുടങ്ങിയതിനുശേഷമുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.

(സി) ഹാൾ ടിക്കറ്റ് നൽകുന്നതു സംബന്ധിച്ച് ഒരു രജിസ്റ്റർ ഹെഡ്മാസ്റ്റർ / ചീഫ്സൂപ്രണ്ട് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(ഡി) ഹാൾടിക്കറ്റിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ അഡ്മിഷൻ രജിസ്റ്റർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഇ) അഡ്മിഷൻ ടിക്കറ്റിൽ പരീക്ഷാഭവനിൽ നിന്നും അനുവദിച്ച രജിസ്റ്റർ നമ്പർ തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം അഡ്മിഷൻ ടിക്കറ്റ് വിതരണം ചെയ്യേണ്ടതാണ്.

## XII. പരീക്ഷാകേന്ദ്രങ്ങൾ:

(എ) പരീക്ഷാകേന്ദ്രങ്ങളുടെ പട്ടിക പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) പരീക്ഷാകേന്ദ്രമല്ലാത്ത വിദ്യാലയത്തിൽ നിന്നാണ് പരീക്ഷാർത്ഥികളെ അയക്കുന്നതെങ്കിൽ ആ സ്കൂളിലെ വിദ്യാർത്ഥികൾക്കായി നിശ്ചയിച്ചിട്ടുള്ള പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്.

(സി) പ്രൈവറ്റ് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരെ ആദ്യമായി എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് അയച്ച സ്കൂൾ മുഖാന്തിരം വേണം പിന്നീടുള്ള പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്. പരീക്ഷാകേന്ദ്രം മാറ്റണമെന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അനുവാദം കാലേകൂട്ടി വാങ്ങേണ്ടതുണ്ട്. ഫോട്ടോ പതിച്ച തിരിച്ചറിയൽ സർട്ടിഫിക്കറ്റ് കൂടി സമർപ്പിക്കേണ്ടതാണ്.

(ഡി) ഒരിക്കൽ നിശ്ചയിച്ച പരീക്ഷാ കേന്ദ്രം മാറുവാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

## XIII. <u>പരീക്ഷാ ചെലവുകൾക്കുള്ള ഫണ്ടുകൾ അനുവദിക്കുന്നതിനുള്ള അധികാരം</u>

എസ്.എസ്.എൽ.സി പരീക്ഷ സംബന്ധിച്ചുള്ള ചെലവുകൾ ചീഫ് സൂപ്രണ്ടുമാർ ഇപ്പോൾ വഹിക്കുന്നത് സ്കൂൾ സ്പെഷ്യൽ ഫീ ഫണ്ടിൽ നിന്നും താല്ക്കാലികമായി പിൻവലിച്ചാണ്. ഇവ പിന്നീട് റീക്യൂപ്പ് ചെയ്യുകയാണ് പതിവ്. ചെലവായ തുകകളുടെ "അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റ്" നല്കുവാനും റീക്യൂപ്പ് ചെയ്യുവാനുള്ള തുകയുടെ അലോട്ട്മെന്റ് നൽകുവാനും വിദ്യാഭ്യാസ ഉപ ഡയറക്ടർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി നിർദ്ദിഷ്ട ഫോറത്തിൽ ചീഫ് സൂപ്രണ്ടുമാർ തങ്ങളുടെ സ്റ്റേറ്റ്മെന്റോടുകൂടി എല്ലാ വർഷവും ഏപ്രിൽ മാസാന്ത്യത്തിനു മുമ്പായി വിദ്യഭ്യാസ ഉപ ഡയറക്ടർമാർക്ക് അപേക്ഷ നൽകേണ്ടതാണ്. യാതൊരു കാരണവശാലും അസ്സൽ വൗച്ചറുകളും മറ്റും വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് അയച്ചുകൊടുക്കുവാൻ പാടുള്ളതല്ല. വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ലഭ്യമായ അപേക്ഷകളിൻമേൽ എല്ലാ വർഷവും മെയ് മാസത്തിനു മുൻപായി തീരുമാനമെടുക്കേണ്ടതാണ്. **(ഇതു സംബന്ധമായിട്ടുള്ള ആഫീസ് സർക്കുലറും ഗവൺമെന്റ് ഉത്തരവും യഥാക്രമം അനുബന്ധം G-1, G-2, G-3 ആയി ചേർത്തിരിക്കുന്നതു കാണുക).**

## XIV. <u>ക്രമക്കേടുകൾ:</u>

പരീക്ഷാവേളയിൽ ഏതെങ്കിലും പരീക്ഷാർത്ഥി ക്രമക്കേടുകൾ ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർ അതിൻമേൽ കൈക്കൊള്ളുന്ന തീരുമാനം അംഗീകരിച്ചുകൊള്ളാമെന്ന് വിദ്യാർത്ഥി എഴുതിക്കൊടുത്താൽ പ്രസ്തുത പരീക്ഷാർത്ഥിയെ ഉടനടി ഹാളിൽ നിന്നും പുറത്താക്കേണ്ടതില്ല. അയാളെ തുടർന്ന് പരീക്ഷയ്ക്ക് ഇരിക്കാൻ അനുവദിക്കാവുന്നതാണ് അടുത്തിരിക്കുന്ന മറ്റൊരു വിദ്യാർത്ഥിയുടെ പരീക്ഷാപേപ്പർ നോക്കി എഴുതുക, മറ്റു കുട്ടികൾക്ക് കണ്ടെഴുതുവാൻ സൗകര്യം നൽകുക, അന്യോന്യം സംസാരിക്കുക, എഴുതിയതോ അച്ചടിച്ചതോ ആയ കടലാസുകളുമായി പരീക്ഷാഹാളിനകത്ത്

കയറുക തുടങ്ങിയ പ്രവർത്തികൾ ശിക്ഷാർഹമാകുന്നു. പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോൾ ഹാളിനകത്തോ, സ്കൂൾ പരിസരത്തുവച്ചോ അധാർമികനടപടികൾ നടത്തുകയോ, നടത്താൻ പ്രേരിപ്പിക്കുകയോ ചെയ്തതായി പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് ബോധ്യമായാൽ പ്രസ്തുത വിദ്യാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്കുകൽപ്പിക്കാവുന്നതാണ്. ചീഫ് സൂപ്രണ്ടിന്റെ റിപ്പോർട്ടിൻമേൽ പ്രസ്തുത പരീക്ഷാർത്ഥിയുടെ / പരീക്ഷാർത്ഥികളുടെ പേരിൽ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കാവുന്നതാണ്. അനുവദിക്കപ്പെട്ട Cool-off time-ൽ പരീക്ഷ എഴുതുക/ പരീക്ഷാ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരോട് അശ്ലീല ഭാഷ ഉപയോഗിക്കുക, മഷി കുടയുക, അപമര്യാദയായി പെരുമാറുക, മാർഗ്ഗ തടസ്സമുണ്ടാക്കുക, കയ്യേറ്റം ചെയ്യുകയോ/ കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്യുക, ഭീഷണിപ്പെടുത്തുക തുടങ്ങിയവ (സ്കൂളിനകത്തുവച്ചും സ്കൂളിന് പുറത്തു വച്ചും) തെറ്റായ പ്രവൃത്തികളാകുന്നു. ഇങ്ങനെ ഉണ്ടാകുന്ന സംഭവങ്ങളിൽ അവരുടെ പരീക്ഷാഫലം തടഞ്ഞുവയ്ക്കാവുന്നതാണ്. കൂടാതെ കുറ്റത്തിന്റെ ഗൗരവ സ്വഭാവമനുസരിച്ച് ക്രിമിനൽ കേസുകൾ ചാർജ് ചെയ്യുന്നതുമായിരിക്കും. ഇതുമായി ബന്ധപ്പെട്ട് ജോയിന്റ് കമ്മീഷണർ എടുക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും. **ഒരു പേപ്പറിന് പരീക്ഷ തുടങ്ങി അവസാനിക്കുന്നതുവരെ ഒരേ നിറത്തിലുള്ള മഷി മാത്രമേ പരീക്ഷാർത്ഥി ഉപയോഗിക്കാൻ പാടുള്ളൂ.** ഹാൾടിക്കറ്റിലുള്ള നമ്പർ തന്നെയാണ് പരീക്ഷാർത്ഥി ഉത്തരക്കടലാസിൽ എഴുതുന്നതെന്ന് പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തിയതായുള്ള സർട്ടിഫിക്കറ്റ്, പരീക്ഷാഹാളിൽ നിയോഗിക്കപ്പെട്ട നിരീക്ഷകർ (ഇൻവിജിലേറ്റർ) പരീക്ഷാപേപ്പർ പായ്ക്ക് ചെയ്യുമ്പോൾ സി.വി കവറുകളിൽ നിക്ഷേപിക്കേണ്ടതാണ്.)

## XV. എസ്.എസ്.എൽ.സി. കാർഡുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് :

(എ) **എസ്.എസ്.എൽ.സി. കാർഡുകൾ വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർക്ക് അയച്ചു കൊടുക്കുന്നതാണ്. വിദ്യാർത്ഥിയെ സംബന്ധിച്ച തെറ്റായ വിവരം രേഖപ്പെടുത്തിയതോ ഒപ്പും, സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ എസ്.എസ്.എൽ.സി. കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇക്കാര്യം പരീക്ഷാ സെക്രട്ടറിയെ രേഖാമൂലം സ്കൂൾ അധികൃതർ അറിയിക്കേണ്ടതും ശരിയായ സർട്ടിഫിക്കറ്റ് പരീക്ഷാർഥികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.**

(ബി) എസ്.എസ്.എൽ.സി കാർഡ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനു മുൻപ് പ്രധാന അദ്ധ്യാപകൻ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റ് / കാർഡുകൾ വിതരണം ചെയ്യുന്നതിന് മുൻപായി സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ കുട്ടിയുടെ കൈയ്യൊപ്പ് വാങ്ങിയതിനു ശേഷം മാത്രമേ വിതരണം ചെയ്യാൻ പാടുള്ളു. **കാർഡിന്റെ വിവര ശേഖരണ ഭാഗത്ത് അടിയിലായി ഹെഡ്മാസ്റ്ററുടെ ഒപ്പ് കറുത്ത മഷിയിൽ പതിക്കേണ്ടതാണ്. ശേഷം പേരും ഔദ്യോഗിക മേൽവിലാസവും രേഖപ്പെടുത്തി ഇടതുഭാഗത്ത് സ്ഥാപനത്തിന്റെ മുദ്രകൂടി പതിച്ചുവേണം കാർഡുകൾ വിദ്യാർത്ഥികൾക്ക് നൽകേണ്ടത്.**

(സി) എസ്.എസ്.എൽ.സി.കാർഡ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനു മുൻപായി പ്രധാന അധ്യാപകൻ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ കൃത്യമായി പരിശോധിക്കുകയും അപാകതകൾ കണ്ടെത്തിയാൽ ഇത്തരം സർട്ടിഫിക്കറ്റുകൾ പരീക്ഷാഭവനിൽ അയച്ച് വേണ്ട തിരുത്തലുകൾ

വരുത്തി പുതിയ സർട്ടിഫിക്കറ്റ് വാങ്ങി വിതരണം ചെയ്യേണ്ടതു**മാണ്. ഇത് വളരെ ഗൗരവപൂർവ്വം ചെയ്യേണ്ട ജോലിയാണ്. തെറ്റായ സർട്ടിഫിക്കറ്റുകൾ പരീക്ഷാർത്ഥിക്കു ലഭിക്കുന്നതിനിടയായാൽ പ്രഥമാദ്ധ്യാപകനെതിരെ നടപടി എടുക്കുന്നതാണ്.**

(ഡി) **രജിസ്റ്റർ നമ്പർ തെറ്റായി രേഖപ്പെടുത്തുന്നതുമൂലം റിസൽട്ടു പ്രസിദ്ധീകരിക്കുവാൻ താമസമുണ്ടായാൽ അതിന് ഉത്തരവാദികൾ കടുത്ത ശിക്ഷയ്ക്ക് വിധേയമാകേണ്ടിവരും.**

(ഈ) **സർട്ടിഫിക്കറ്റ് കാർഡിൽ ഒപ്പിടുന്നത് കറുത്ത മഷിയിൽ ആയിരിക്കണം. പച്ച മഷി ഉപയോഗിക്കാൻ പാടുള്ളതല്ല. അത്തരം സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായതായി കണക്കാക്കുന്നതാണ്.**

## XVI അവകാശികൾ കൈപ്പറ്റാത്ത എസ്.എസ്.എൽ.സി കാർഡ്/ബുക്ക്

പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി മൂന്നു മാസത്തിനകം സർട്ടിഫിക്കറ്റ് ഹെഡ്മാസ്റ്ററിൽ നിന്നോ, ചീഫ് സൂപ്രണ്ടിൽ നിന്നോ വിദ്യാർത്ഥി കൈപ്പറ്റാതെ വന്നാൽ അത്തരം സർട്ടിഫിക്കറ്റുകൾ ഉടൻ തന്നെ പരീക്ഷാഭവനിലേയ്ക്ക് തിരിച്ചയക്കേണ്ടതും പ്രസ്തുത സർട്ടിഫിക്കറ്റുകൾ പരീക്ഷാർത്ഥിക്ക് തിരികെ ലഭിക്കുവാൻ ഹെഡ്മാസ്റ്ററുടെ ശുപാർശയോടു കൂടിയ അപേക്ഷ താഴെ കാണിച്ചിരിക്കുന്ന നിരക്കിൽ നിശ്ചിത ഫീസ് ഒടുക്കി പരീക്ഷാ സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. **ഹെഡ്മാസ്റ്റർ/ചീഫ് സൂപ്രണ്ട് അവരുടെ ശുപാർശയിൽ കൈപ്പറ്റാത്ത എസ്.എസ്.എൽ.സി കാർഡ് പരീക്ഷാഭവനിലേയ്ക്ക് അയച്ച തീയതിയും ലറ്റർ നമ്പറും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.**

| | |
|---|---|
| പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി മൂന്നുമാസത്തിനു മേൽ ഒരുവർഷം വരെ വാങ്ങാതെ വന്നാൽ ഒടുക്കേണ്ട തുക | 50 രൂപ |
| ഒരു വർഷം മുതൽ രണ്ട് വർഷം വരെ | 100 രൂപ |
| രണ്ടു വർഷം മുതൽ മൂന്ന് വർഷം വരെ | 200 രൂപ |
| മൂന്നു വർഷം മുതൽ നാല് വർഷം വരെ | 300 രൂപ |
| നാല് വർഷം മുതൽ അഞ്ച് വർഷം വരെ | 400 രൂപ |
| അഞ്ച് വർഷത്തിനുമേൽ | 500 രൂപ |

## XVII. ഡൂപ്ളിക്കേറ്റ്/ട്രിപ്ളിക്കേറ്റ് എസ്.എസ്.എൽ.സി ബുക്ക്/കാർഡിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡം

അസ്സൽ എസ്.എസ്.എൽ. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടാൽ / ഉപയോഗശൂന്യമായാൽ ഡൂപ്ളിക്കേറ്റ് സർട്ടിഫിക്കറ്റുകൾ പരീക്ഷാഭവനിൽ നിന്നും ലഭ്യമാണ്. ഇതിനായി പ്രത്യേക അപേക്ഷാഫോറം സൗജന്യമായി പരീക്ഷാഭവനിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷാഫോറം പൂരിപ്പിച്ച് പത്താംതരം പരീക്ഷ ആദ്യമായി എഴുതിയ സ്കൂളിലെ പ്രഥമാദ്ധ്യാപകന്റെ ശുപാർശയോടെ നിശ്ചിത അനുബന്ധങ്ങൾ ഉൾച്ചേർത്ത് ഫീസ് ഖജനാവിൽ ഒടുക്കിയ ചെലാൻ സഹിതം അപേക്ഷകൾ "സെക്രട്ടറി, പരീക്ഷാകമ്മീഷണറുടെ കാര്യാലയം, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12" എന്ന മേൽവിലാസത്തിൽ നേരിട്ടോ രജിസ്ട്രേഡ് തപാലായോ സമർപ്പിക്കാവുന്നതാണ്. (മാതൃകാഫാറത്തിനും വിശദാംശങ്ങൾക്കായി **sslcexamkerala.gov.in** എന്ന വെബ്സൈറ്റ് കാണുക).

**XVIII. എസ്.എസ്.എൽ.സി ബുക്ക്/കാർഡ്, ടി.ടി.സി സർട്ടിഫിക്കറ്റുകളുടെ ആധികാരികതാ പരിശോധന**

പരീക്ഷാഭവൻ നല്കുന്ന എസ്.എസ്.എൽ.സി / ടി.ടി.സി തുടങ്ങിയ പബ്ളിക് എക്സാമിനേഷൻസ് ബോർഡ് സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിച്ച് സാക്ഷ്യപത്രം നൽകുന്നതിനായി അനേകം അപേക്ഷകൾ പരീക്ഷാഭവനിൽ ലഭിച്ചുകൊണ്ടിരിക്കുന്നു. അതനുസരിച്ച് ആധികാരികതാ പരിശോധനാ സാക്ഷ്യപത്രം നൽകുന്നതിന് സ്വകാര്യ സ്ഥാപനങ്ങൾ, എയ്ഡഡ് ഉൾപ്പെടെയുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപ 100 (നൂറ് രൂപ മാത്രം) ഫീസിനത്തിൽ നൽകേണ്ടതാണ്. ഈ തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കൂടി "സെക്രട്ടറി റ്റു ദി കമ്മീഷണർ ഫോർ ഗവ. എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12" എന്ന വിലാസത്തിൽ തിരുവനന്തപുരത്ത് മാറാവുന്ന രീതിയിൽ എടുത്ത് ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കേണ്ടതാണ്. (സ.ഉ. [എം.എസ്.] നം. 97/2008 പൊ.വി. തീയതി തിരുവനന്തപുരം 29.05.2008).

## XIX. <u>ഫോട്ടോകോപ്പി/മൂല്യനിർണ്ണയം ചെയ്ത ഉത്തരക്കടലാസ്സുകളുടെ പുന:പരിശോധനയും പുനർ മൂല്യനിർണ്ണയവും.</u>

**(എ) ഫോട്ടോകോപ്പി**

(i) ഫോട്ടോകോപ്പി എടുക്കുന്നതിന് ഫീസായി 200 രൂപ (ഇരുന്നൂറ് രൂപ മാത്രം) നിശ്ചയിച്ചിരിക്കുന്നു.

(ii) ഉത്തരക്കടലാസുകൾ ഫോട്ടോകോപ്പി എടുക്കുന്നതിനുള്ള അപേക്ഷ **അനുബന്ധം "സി"** യിൽ പരീക്ഷാലം പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം പരീക്ഷാഭവനിൽ എത്തിക്കേണ്ടതാണ്.

(iii) സി.വി. ക്യാമ്പുകളിൽ മാർക്കുകൾ കൂട്ടി എഴുതുമ്പോൾ എന്തെങ്കിലും വ്യത്യാസം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പിന്നീട് തിരുത്തുന്നതിലേക്കുള്ള ഉദ്ദേശത്തിനാണ് ഇത് നിലവിൽ വരുത്തിയിട്ടുള്ളത്. മൂല്യനിർണ്ണയം ചെയ്തിട്ടുള്ള ഉത്തരങ്ങളൊന്നും തന്നെ പുനർ മൂല്യനിർണ്ണയം നടത്തുന്നതല്ല.

(iv) ഫോട്ടോകോപ്പി ലഭിച്ചശേഷം പുനർ മൂല്യനിർണ്ണയം അനുവദനീയമല്ല.

(v) ഒരു പ്രാവശ്യം അടയ്ക്കുന്ന തുക യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല.

**(ബി) പുന:പരിശോധന (Scrutiny)**

(i) പരീക്ഷാഫലം പ്രസിദ്ധം ചെയ്യുന്ന തീയതി മുതൽ 15 ദിവസത്തിനകം **അനുബന്ധം "ഡി"** യിൽ കൊടുത്തിട്ടുള്ള പുന:പരിശോധനയ്ക്കുള്ള നിശ്ചിത അപേക്ഷാഫാറത്തിൽ ഇതിലേയ്ക്കായി നേരിട്ട് അപേക്ഷിക്കാവുന്നതാണ്. താമസിച്ചു ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. സ്ക്രൂട്ടിനിക്ക് പേപ്പർ ഒന്നിന് 50 രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്.

(ii) പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകൾക്ക് സ്ക്രൂട്ടിനി ആവശ്യമില്ല.

(iii) അടയ്ക്കുന്ന തുക മടക്കി കൊടുക്കുകയോ മറ്റേതെങ്കിലും ആവശ്യത്തിന് മാറ്റി പരിഗണിക്കുകയോ ചെയ്യുന്നതല്ല.

**(സി) പുനർ മൂല്യനിർണ്ണയം**

**(i)** ഉത്തരക്കടലാസ്സുകൾ രണ്ടാമത് മൂല്യനിർണ്ണയം നടത്തുന്നതിന് **അനുബന്ധം ഇ** ൽ കൊടുത്തിട്ടുള്ള നിശ്ചിത ഫാറത്തിൽ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. അതിലേയ്ക്കുള്ള ഫീസ് പേപ്പർ ഒന്നിന് 400 രൂപ ക്രമത്തിൽ നിശ്ചയിച്ചിരിക്കുന്നു. പരീക്ഷയുടെ ഫലം പ്രസിദ്ധം ചെയ്ത് 15 ദിവസത്തിനകം അതിനായി അപേക്ഷിക്കേണ്ടതാണ്.

**(ii)** ഇപ്രകാരം അപേക്ഷകൾ അയയ്ക്കുന്നവർ അതേ പേപ്പറിന് സ്കൂട്ടിനിക്കുവേണ്ടി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല.

**(iii)** സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 157/08/പൊ.വി.വ. തീയതി 08.09.2008 പ്രകാരം എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ് പുനർ മൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്കു മാത്രമേ പുനർമൂല്യ നിർണ്ണയത്തിന് അടച്ച ഫീസ് തിരികെ നൽകുകയുള്ളൂ.

ഫോട്ടോകോപ്പി, സ്ക്രൂട്ടിനി, ഉത്തരപേപ്പറുകളുടെ പുനർമൂല്യനിർണ്ണയം എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് **"സെക്രട്ടറി റ്റു ദി കമ്മീഷണർ ഫോർ ഗവ. എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം-12"** എന്ന വിലാസത്തിൽ തിരുവനന്തപുരത്ത് മാറാവുന്ന രീതിയിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിന്റെ ഡിമാന്റ് ഡ്രാഫ്റ്റായി വേണം അടയ്ക്കേണ്ടത്. ഇതിലേയ്ക്ക് മണി ഓഡർ, ക്യാഷ്, ചെക്ക്, ചെലാൻ എന്നിവ സ്വീകരിക്കുന്നതല്ല.

(ഒപ്പ്)
**പരീക്ഷാകമ്മീഷണർ**

/അംഗീകാരത്തോടെ/

ജോൺസ് വി ജോൺ
സെക്രട്ടറി

## അനുബന്ധം -എ

### എസ്.എസ്.എൽ.സി.പരീക്ഷാ പ്രവേശനത്തിനുള്ള അപേക്ഷ - മാർച്ച് 2010

(പ്രൈവറ്റ് ക്യാന്റിഡേറ്റ്സ് (ന്യൂ സ്കീം) (PCN)
(13 പേപ്പർ/10പേപ്പർ പരീക്ഷയെഴുതി ഉപരി പഠനത്തിന് അർഹത നേടാത്തവർ)

1. പരീക്ഷാകേന്ദ്രത്തിന്റെ പേരും സ്ഥലവും നമ്പർ കോഡും :
2. വിദ്യാഭ്യാസ ജില്ല :
3. പരീക്ഷാർത്ഥിയുടെ പേര് :
   (എ) സ്ത്രീയോ / പുരുഷനോ :
4. കത്തുകൾ അയയ്ക്കുന്നതിനുള്ള പൂർണ്ണ വിലാസം :

5. മതവും ജാതിയും :
   (എ) പട്ടികജാതിയോ പട്ടികവർഗ്ഗമോ :
6. ജനനത്തീയതി :
7. രക്ഷകർത്താവിന്റെ പേര് :
8. പഠന മാധ്യമം :
9. പരീക്ഷ എഴുതുന്ന പേപ്പറുകളുടെ വിവരം

| ക്രമ നമ്പർ | പേപ്പറിന്റെ പേര് | പരീക്ഷ യെഴുതിയ വർഷം | 2005, 2006,2007,200,2009 മാർച്ചിലെ (സേ ഉൾപ്പെടെ) പൊതുപരീക്ഷകൾക്ക് ലഭിച്ച | | | |
|---|---|---|---|---|---|---|
| | | | സ്കോർ | സി.ഇ | ആകെ | ഗ്രേഡ് |
| 1. | | | | | | |
| 2. | | | | | | |
| 3. | | | | | | |
| 4. | | | | | | |
| 5. | | | | | | |
| 6. | | | | | | |
| 7. | | | | | | |
| 8. | | | | | | |
| 9. | | | | | | |
| 10. | | | | | | |

10. പരീക്ഷാഫലം മെച്ചപ്പെടുത്തുന്നതിനാണോ? :
11. ആദ്യ തവണ പരീക്ഷ എഴുതിയ സ്കൂളിന്റെ പേരും വർഷവും :
12. രജിസ്റ്റർ നമ്പർ, വർഷം, മാസം :
13. ഫീസ് ഒടുക്കിയതിന്റെ വിവരം :

| ഫീസ് | പിഴ | എസ്.എസ്എൽ.സി. കാർഡിന്റെ വില | ആകെ | തുക ഒടുക്കിയ തീയതി |
|---|---|---|---|---|
| | | | | |

14. മറ്റു വിവരങ്ങൾ :

ഞാൻ പ്രസ്താവിച്ച മേൽപ്പറഞ്ഞിട്ടുള്ള വസ്തുതകൾ സത്യമാണ്.

സ്ഥലം :
തീയതി : പരീക്ഷാർത്ഥിയുടെ ഒപ്പ്

**സാക്ഷ്യപത്രം**

വിദ്യാർത്ഥിയുടെ എസ്.എസ്.എൽ.സി. കാർഡ് / ബയോഡേറ്റ പരിശോധിച്ചതിൽ മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ വസ്തുനിഷ്ഠമായിട്ടുള്ളതാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :
തീയതി : (സ്കൂൾ മുദ്ര) ഹെഡ്മാസ്റ്ററുടെ ഒപ്പ്

കുറിപ്പ് : ഫീസ് ഇനത്തിൽ എസ്.എസ്.എൽ.സി. പ്രൈവറ്റ് (ന്യൂ സ്കീം) ഒരു വിഷയത്തന് 20 രൂപാവീതം (രൂപ ഇരുപത് മാത്രം) ഈടാക്കേണ്ടതാണ്.

## അനുബന്ധം -ബി

**എസ്. എസ്. എൽ. സി. പരീക്ഷാ പ്രവേശനത്തിനുള്ള അപേക്ഷ - മാർച്ച് 2010**
**(പ്രഥമ ഭാഷയ്ക്കോ ഹിന്ദിക്കോ മാത്രമായി പരീക്ഷ എഴുതുന്നവർക്ക് ഉപയോഗിക്കാനുള്ളത്.)**
**( പുതിയ സ്കീം )**

1. പരീക്ഷാകേന്ദ്രത്തിന്റെ പേരും സ്ഥലവും നമ്പർ കോഡും :

2. വിദ്യാഭ്യാസ ജില്ല :

3. പരീക്ഷാർത്ഥിയുടെ പേര് :
   (എ) സ്ത്രീയോ / പുരുഷനോ :

4. മുഴുവൻ മേൽവിലാസം :

5. മതവും ജാതിയും :

   (എ) പട്ടികജാതിയോ പട്ടികവർഗ്ഗമോ :

6. ജനനത്തീയതി :

7. ഫീസ് ഒടുക്കിയിട്ടുള്ളതിന്റെ വിവരം (ഫീസ് സംസ്ഥാനത്തിന് (പുറത്ത് ഒടുക്കിയുട്ടള്ളവരെ സംബന്ധിച്ച്)

   (എ) ഫീസിന്റെ തുക :

   (ബി) ചെലാൻ നമ്പർ, തീയതി :

   (സി) ഖജനാവിന്റെ പേര് :

8. ആർമിയൽനിന്നും ഒന്നാംക്ലാസ് സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളവർ ഒന്നാംഭാഷ മാത്രമേ എഴുതുവാൻ പാടുള്ളൂ.

   (എ) ഒന്നാം ഭാഷയുടെ പേര് പേപ്പർ 1 :

   (ബി) പേപ്പർ 2 :

   (സി) ഇന്ത്യൻ ആർമി സർട്ടിഫിക്കറ്റിന്റെ (ഫസ്റ്റ് ക്ലാസ്) നമ്പരും തീയതിയും (അസ്സൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.) :

   (ഡി) നേരത്തെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വർഷം, മാസം, രജിസ്റ്റർ നമ്പർ :

9. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഹിന്ദി ഒരു വിഷയമല്ലാതിരുന്നവർക്ക് ഹിന്ദി മാത്രമായി എഴുതാവുന്നതാണ്.

   (എ) പരീക്ഷാർത്ഥിയെ ആദ്യമായി പരീക്ഷയ്ക്കയച്ച സ്കൂളിന്റെ പേര് :

   (ബി) ഇതിന് മുമ്പ് പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ രജി. നമ്പർ, വർഷം, മാസം (സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ അതു കൂടി അപേക്ഷയോടൊപ്പം അയയ്ക്കണം). :

10. മറ്റു വിവരങ്ങൾ :

മേൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാകുന്നു

സ്ഥലം :
തീയതി : പരീക്ഷാർത്ഥിയുടെ ഒപ്പ്

<u>കുറിപ്പ്</u> : ഭാഷയ്ക്ക് 40 രൂപയും ഹിന്ദിയ്ക്ക് 15 രൂപയുമാണ് ഫീസ് ആർമി സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി. ഇവയുടെ അസ്സൽ അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്. നിശ്ചിത ഫീസ് പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിനെ ഏൽപ്പിച്ച് രസീത് വാങ്ങേണ്ടതാണ്.

(തുടർച്ച.......)

## പരീക്ഷാർത്ഥിയെതിരിച്ചറിയുന്നതിനുള്ളസർട്ടിഫിക്കറ്റ്

(ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ/ഹൈസ്കൂളിലേയും ട്രെയിനിംഗ് സ്കൂളിലേയും ഹെഡ്മാസ്റ്റർമാർ/ എം.പി.മാർ/ എം.എൽ.എ. മാർ/ അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ആഫീസർമാർ തുടങ്ങിയവരെ ഈ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിന് നിയോഗിച്ചിരിക്കുന്നു.)

**പരീക്ഷാർത്ഥിയുടെ പേര് :**

**ജനനത്തീയതി :**

**പൂർണ്ണമായ മേൽവിലാസം :**

**സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ പേരും ഉദ്യോഗപ്പേരും, വിലാസവും :**

ഫോട്ടോ

തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് (ഫോട്ടോയുടെ പുറത്ത് ഒപ്പിടേണ്ടതാണ്. ഫോട്ടോയിൽ റബ്ബർ സ്റ്റാമ്പ് പതിക്കുവാൻ പാടില്ല)

പരീക്ഷാർത്ഥിയുടെ ഒപ്പ് (തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽവച്ച് ഒപ്പ് ഇടേണ്ടതാകുന്നു.)

2010 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷാർത്ഥിയായ ശ്രീ./ശ്രീമതി. ...................................................... യുടെ ഒപ്പും ഫോട്ടോയും ഞാൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്

## പരീക്ഷാർത്ഥിയുടെ അഡ്മിഷൻ ടിക്കറ്റ്
## എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2010 പ്രൈവറ്റ് കാൻഡിഡേറ്റ് സ്കീം (PCN)

**പരീക്ഷാ കേന്ദ്രത്തിന്റെ പേരും കോഡും :**

**രജി. നമ്പർ**

**പരീക്ഷാർത്ഥിയുടെ പേര് :**

**പൂർണ്ണമായ മേൽവിലാസം :**

**ഒന്നാംഭാഷ പേപ്പർ 1 :**

**ഒന്നാംഭാഷ പേപ്പർ 2 :**

**പരീക്ഷാ മാധ്യമം :**

**ഫുൾകോഴ്സ്/വിഷയം :**

ഫോട്ടോ

സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് (ഫോട്ടോയുടെ പുറത്ത് ഒപ്പിടേണ്ടതാണ്. ഫോട്ടോയിൽ റബ്ബർ സ്റ്റാമ്പ് പതിക്കുവാൻ പാടില്ല)

പരീക്ഷാർത്ഥിയുടെ ഒപ്പ് (സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പരീക്ഷാർത്ഥി ഒപ്പിടേണ്ടതാണ്)

പേരും ഔദ്യോഗിക മേൽവിലാസവും

(മുദ്ര)

2010 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷാർത്ഥിയായ ശ്രീ./ശ്രീമതി. ...................................................... യുടെ ഒപ്പും ഫോട്ടോയും ഞാൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

(സീൽ) സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും

## അനുബന്ധം- സി

### 2010 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പിക്കുള്ള അപേക്ഷ

(01-06-2000-ലെ ജി.ഒ. (ആർ.റ്റി.) നം. 2205/2000/പൊ.വി. പ്രകാരം)

1. ക്രമ നമ്പർ (ആഫീസിന് ഉപയോഗത്തിന്) :
2. പരീക്ഷാർത്ഥിയുടെ പേര് :
3. പരീക്ഷാർത്ഥിയുടെ പൂർണ്ണ മേൽവിലാസം :
   (പോസ്റ്റാഫീസിന്റെ പേരും പിൻകോഡും ഉൾപ്പെടെ)
4. പരീക്ഷ എഴുതിയ കേന്ദ്രത്തിന്റെ പേരും നമ്പരും :
5. വിദ്യാഭ്യാസ ജില്ലയുടെ പേര് :
6. 2010 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പരീക്ഷാർത്ഥിയ്ക്ക് ലഭിച്ച രജിസ്റ്റർ നമ്പർ
7. പഠന മാധ്യമം :
8. ഫോട്ടോകോപ്പിയ്ക്ക് വേണ്ടി അപേക്ഷിക്കുന്ന പേപ്പറുകളുടെ വിവരങ്ങൾ താഴെ ചേർക്കുക

| ക്രമ നമ്പർ | വിഷയത്തിന്റെ പേര് | 2010 മാർച്ചിലെ പൊതുപരീക്ഷയ്ക്ക് ലഭിച്ച ഗ്രേഡ് |
|---|---|---|
| 1. | | |
| 2. | | |
| 3. | | |
| 4. | | |
| 5. | | |
| 6. | | |
| 7. | | |
| 8. | | |
| 9. | | |
| 10. | | |

9. ഡിമാന്റ് ഡ്രാഫ്റ്റായി ദേശസാൽകൃത ബാങ്കിൽ ഒരു പേപ്പറന് 200 രൂപ (ഇരുന്നൂറ് രൂപ ) ക്രമത്തിൽ ഒടുക്കിയ തുകയുടെ വിവരം

| ഡി.ഡി. നമ്പർ | തീയതി | ബാങ്കിന്റെ പേര് | തുക |
|---|---|---|---|
| | | | |

സ്ഥലം:

തീയതി: പരീക്ഷാർത്ഥിയുടെ ഒപ്പ്

മേൽ പ്രസ്താവിച്ച വസ്തുതകൾ ബന്ധപ്പെട്ട രേഖകളുമായി പരിശോധിച്ച് ശരിയാണെന്ന് പ്രസ്താവിച്ചിരിക്കുന്നു.

സ്ഥലം:

തീയതി: (മുദ്ര) ഹെഡ്മാസ്റ്ററുടെ ഒപ്പും പേരും

കുറിപ്പ്:-

(i) ഫീസിനത്തിൽ അടയ്ക്കുന്ന തുക ഏതെങ്കിലും ദേശസാൽകൃത ബാങ്കിന്റെ തിരുവനന്തപുരത്ത് മാറത്തക്കവിധമുള്ള സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരത്തിന്റെ പേരിലുള്ള ക്രോസ്ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റായി അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്. ഇപ്രകാരമല്ലാത്ത അപേക്ഷകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.

(ii) ഡിമാന്റ് ഡ്രാഫ്റ്റിന്റെ പുറകിൽ പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ മേൽ വിലാസം എന്നിവ പെൻസിൽ കൊണ്ട് എഴുതേണ്ടതാണ്.

## അനുബന്ധം - ഡി

### 2010 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സ്ക്രൂട്ടിണിക്കുള്ള അപേക്ഷ
(11-02-2000-ലെ ജി.ഒ. (എം.എസ്) 65/2000/പൊ.വി. പ്രകാരം)

1. ക്രമ നമ്പർ (ആഫീസ് ഉപയോഗത്തിന് ) :
2. പരീക്ഷാർത്ഥിയുടെ പേര് :
3. പരീക്ഷാർത്ഥിയുടെ പൂർണ്ണ മേൽവിലാസം (പോസ്റ്റാഫീസിന്റെ പേരും പിൻകോഡും ഉൾപ്പെടെ) :
4. പരീക്ഷ എഴുതിയ കേന്ദ്രത്തിന്റെ പേരും നമ്പരും :
5. വിദ്യാഭ്യാസ ജില്ലയുടെ പേര് :
6. 2010 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പരീക്ഷാർത്ഥിയ്ക്ക് ലഭിച്ച രജിസ്റ്റർ നമ്പർ :
7. പഠന മാധ്യമം :
8. സ്ക്രൂട്ടിണിയ്ക്ക് വേണ്ടി അപേക്ഷിക്കുന്ന പേപ്പറുകളുടെ വിവരങ്ങൾ താഴെ ചേർക്കുക

| ക്രമ നമ്പർ | പേപ്പറിന്റെ പേര് | 2010 മാർച്ചിലെ പൊതുപരീക്ഷയ്ക്ക് ലഭിച്ച ഗ്രേഡ് |
|---|---|---|
| 1. | | |
| 2. | | |
| 3. | | |
| 4. | | |
| 5. | | |
| 6. | | |
| 7. | | |
| 8. | | |
| 9. | | |
| 10. | | |

9. ഡിമാന്റ് ഡ്രാഫ്റ്റായി ദേശസാൽകൃത ബാങ്കിൽ ഒരു പേപ്പറിന് 50 രൂപ ( അൻപത് രൂപ ) ക്രമത്തിൽ ഒടുക്കിയ തുകയുടെ വിവരം

| ഡി.ഡി. നമ്പർ | തീയതി | ബാങ്കിന്റെ പേര് | തുക |
|---|---|---|---|
| | | | |

സ്ഥലം:

തീയതി: പരീക്ഷാർത്ഥിയുടെ ഒപ്പ്

മേൽ പ്രസ്താവിച്ച വസ്തുതകൾ ബന്ധപ്പെട്ട രേഖകളുമായി പരിശോധിച്ച് ശരിയാണെന്ന് പ്രസ്താവിച്ചിരിക്കുന്നു.

സ്ഥലം:

തീയതി: ഹെഡ്മാസ്റ്ററുടെ ഒപ്പും പേരും

(മുദ്ര)

കുറിപ്പ്:-

(i) ഫീസിനത്തിൽ അടയ്ക്കുന്ന തുക ഏതെങ്കിലും ദേശസാൽകൃത ബാങ്കിന്റെ തിരുവനന്തപുരത്ത് മാറത്തക്കവിധമുള്ള സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരത്തിന്റെ പേരിലുള്ള ക്രോസ്ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റായി അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്. ഇപ്രകാരമല്ലാത്ത അപേക്ഷകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.

(ii) ഡിമാന്റ് ഡ്രാഫ്റ്റിന്റെ പുറകിൽ പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ പെൻസിൽ കൊണ്ട് എഴുതേണ്ടതാണ്.

## അനുബന്ധം - ഇ

### 2010 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യ നിർണ്ണയം നടത്തുന്നതിനുള്ള അപേക്ഷ
(11-2-2000-ലെ ജി.ഒ. (എം.എസ്) 65/2000/പൊ.വി. പ്രകാരം)

1. ക്രമ നമ്പർ :
2. പരീക്ഷാർത്ഥിയുടെ പേര് :
3. പരീക്ഷാർത്ഥിയുടെ പൂർണ്ണ മേൽവിലാസം (പോസ്റ്റാഫീസിന്റെ പേരും പിൻകോഡും ഉൾപ്പെടെ) :
4. പരീക്ഷ എഴുതിയ കേന്ദ്രത്തിന്റെ പേരും നമ്പരും :
5. വിദ്യാഭ്യാസ ജില്ലയുടെ പേര് :
6. 2010 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പരീക്ഷാർത്ഥിയ്ക്ക് ലഭിച്ച രജിസ്റ്റർ നമ്പർ :
7. പഠന മാധ്യമം :
8. പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ വിവരങ്ങൾ താഴെ ചേർക്കുക

| ക്രമ നമ്പർ | പേപ്പറിന്റെ പേര് | 2010 മാർച്ചിലെ പൊതുപരീക്ഷയ്ക്ക് ലഭിച്ച ഗ്രേഡ് |
|---|---|---|
| 1. | | |
| 2. | | |
| 3. | | |
| 4. | | |
| 5. | | |
| 6. | | |
| 7. | | |
| 8. | | |
| 9. | | |
| 10. | | |

9. ഡിമാന്റ് ഡ്രാഫ്റ്റായി ദേശസാൽകൃത ബാങ്കിൽ ഒരു പേപ്പറിന് 400 രൂപ (നാനൂറ് രൂപ ) ക്രമത്തിൽ ഒടുക്കിയ തുകയുടെ വിവരം

| ഡി.ഡി. നമ്പർ | തീയതി | ബാങ്കിന്റെ പേര് | തുക |
|---|---|---|---|
| | | | |

സ്ഥലം:

തീയതി: പരീക്ഷാർത്ഥിയുടെ ഒപ്പ്

മേൽ പ്രസ്താവിച്ച വസ്തുതകൾ ബന്ധപ്പെട്ട രേഖകളുമായി പരിശോധിച്ച് ശരിയാണെന്ന് പ്രസ്താവിച്ചിരിക്കുന്നു.
സ്ഥലം:
തീയതി: ഹെഡ്മാസ്റ്ററുടെ ഒപ്പും പേരും

(മുദ്ര)

കുറിപ്പ്:-

(i) ഫീസിനത്തിൽ അടയ്ക്കുന്ന തുക ഏതെങ്കിലും ദേശസാൽകൃത ബാങ്കിന്റെ തിരുവനന്തപുരത്ത് മാറത്തക്കവിധമുള്ള സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരത്തിന്റെ പേരിലുള്ള ക്രോസ്ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റായി അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്. ഇപ്രകാരമല്ലാത്ത അപേക്ഷകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.

(ii) ഡിമാന്റ് ഡ്രാഫ്റ്റിന്റെ പുറകിൽ പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ പെൻസിൽ കൊണ്ട് എഴുതേണ്ടതാണ്.

**അനുബന്ധം - എഫ്**

2010 മാർച്ചിലെ എസ്.എസ്.എൽ.സി.പരീക്ഷയ്ക്ക് സവിശേഷ സഹായം
ആവശ്യമുള്ളവിദ്യാർത്ഥികൾക്ക് ആനുകൂല്യത്തിനുള്ള അപേക്ഷ

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും നമ്പർ കോഡും :
   പൂർണ്ണമായ മേൽ വിലാസവും :
2. വിദ്യാഭ്യാസ ജില്ല :
3. വിദ്യാർത്ഥിയുടെ പേര് :
4. അഡ്മിഷൻ നമ്പർ :
5. രക്ഷകർത്താവിന്റെ പേര് :
6. വിദ്യാർത്ഥിയുടെ ജനനതീയതി :
7. വിദ്യാർത്ഥിയുടെ മേൽവിലാസം :
8. ശാരീരിക വൈകല്യത്തിന്റെ സ്വഭാവം
   (വൈകല്യത്തെക്കുറിച്ചുള്ള പൊതു :
   വിശദീകരണം രേഖപ്പെടുത്തുക)
9. വൈകല്യം എത്ര ശതമാനം :
10. അപേക്ഷിക്കുന്ന ആനുകൂല്യങ്ങൾ :
    (i) അധിക സമയം ആവശ്യമാണോ? : അതെ/അല്ല
    (ii) കണക്ക് വിഷയം ഒഴിവാക്കേണ്ടതുണ്ടോ? : ഉണ്ട്/ഇല്ല
    (iii) ഉണ്ടെങ്കിൽ കണക്കിന് പകരമായി തിരഞ്ഞെടുക്കുന്ന വിഷയം : ....................
    (IV) ഭാഷാ വിഷയം ഒഴിവാക്കേണ്ടതുണ്ടോ? : ഉണ്ട്/ഇല്ല
    (V) ഉണ്ടെങ്കിൽ അവ ഏവ? : (എ) ................
    : (ബി) ................
    (VI) ഭാഷാ വിഷയങ്ങൾ ഒഴിവാക്കുന്നതിന് പകരമായി തിരഞ്ഞെടുത്ത വിഷയങ്ങൾ : (എ) ..................
    : (ബി)..................
    : (സി)..................
    (VII) ഗ്രേസ് മാർക്ക് ആവശ്യമുണ്ടോ? : ഉണ്ട്/ഇല്ല
    (VIII) എഴുതാൻ സഹായിയുടെ ആവശ്യമുണ്ടോ? : ഉണ്ട്/ഇല്ല
    (IX) വ്യാഖ്യാതാവിന്റെ സേവനം ആവശ്യമുണ്ടോ? : ഉണ്ട്/ഇല്ല
    (X) വ്യാഖ്യതാവ് കണക്ക് വിഷയത്തിന് മാത്രമാണോ? : അതെ/അല്ല
11. വികലാംഗ സർട്ടിഫിക്കറ്റ് നൽകിയ മെഡിക്കൽ ബോർഡിലെ സൂപ്രണ്ടിന്റെ പേരും ഔദ്യോഗിക മേൽ വിലാസവും :
12. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി സമർപ്പിച്ച പ്രത്യേക സർട്ടിഫിക്കറ്റ് നൽകിയ ഡോക്ടറുടെ പേരും ഔദ്യോഗിക മേൽ വിലാസവും :

## സത്യ പ്രസ്താവന

മേൽ പറഞ്ഞ വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും എസ്.എസ്.എൽ.സി മാർച്ച് 2010 പരീക്ഷ എഴുതുന്നതിന് മേൽ പറഞ്ഞ ആനുകൂല്യങ്ങൾ ആവശ്യമാണെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

വിദ്യാർത്ഥിയുടെ ഒപ്പ് രക്ഷകർത്താവിന്റെ ഒപ്പ്

## പ്രധാനാദ്ധ്യാപകന്റെ ശുപാർശ

ഈ സ്ക്കൂളിലെ 10- ാം ക്ലാസ് വിദ്യാർത്ഥിയായ....................................സവിശേഷ സഹായം ആവശ്യമുള്ള കുട്ടിയാണെന്നും അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയാണെന്നും ബോദ്ധ്യമുള്ളതിനാൽ അനുവാദത്തിനായി ശുപാർശ ചെയ്യുന്നു.

ഹെഡ്മാസ്റ്ററുടെ ഒപ്പ്

## ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശ

വിശദമായ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽ നടപടിക്കായി ശുപാർശ ചെയ്യുന്നു/ചെയ്യുന്നില്ല.

ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഒപ്പ്

# Appendix 'G-1'

No. GGl.(1)24003/2004/CGE

Office of the Commissioner for
Government Examinations,
Pareeksha Bhavan, Poojappura,
Thiruvananthapuram – 12
Dated :

## CIRCULAR

**Sub :- General Education – SSLC and other Public Examination – Enhancement of Supervision allowances, stationary and contingent charges – sanctioned - orders issued.**

**Ref : - G.O.(MS) 85/2005/G.Edn. Dtd. 15.03.2005.**

Referring to the above the following are the details of enhanced rate of supervision allowance and other contingent charges.

| **Item Category** | **Existing Rate** | **20% increased rate** |
|---|---|---|
| Chief Superintendent | Rs. 40/- per day | Rs. 48/- per day |
| Dy. Chief Superintendent | Rs. 34/- per day | Rs. 41/- per day |
| Asst. Superintendent | Rs. 28/- per day | Rs. 34/- per day |
| Clerk | Rs. 24/- per day | Rs. 29/- per day |
| Peon | Rs. 16/- per day | Rs. 19/- per day |
| Clerical allowance for preparation of candidate list | Rs. 0.50 | Rs. 0.60 per candidate subject to a minimum of Rs. 40/- per centre |
| Contingencies | Rs. 32/- | Rs. 38/- for the first 50 candidates and Rs. 14/- per additional 50 candidates |
| Transportation charges for furniture from other schools | Rs. 2/- | Rs. 2.14/- per K.M (to and from) |
| Transportation of answer paper packets | Rs. 0.70/- | Rs. 0.85/- per k.m. per bundle |
| Stationary articles | Rs. 1.40/- | Rs. 168/- for the first 150 candidates and Rs. 30/- for every additional 50 candidates |
| Stitching charges | For the first 22 bags no stitching charges. For every additional bag Rs. 1/- per bag. | For the first 22 bags no stitching charges. For every additional bag Rs. 1.20/- per bag. |

The revised rates will be applicable for the SSLC Exam March 2005 onwards. The expenditure will be met from the Special Fee Fund and regularised as usual.

**Sd/-**
**SECRETARY TO THE COMMISSIONER FOR GOVERNMENT EXAMINATIONS**

# Appendix 'G-2'

No. GGl.(1)32771/2007/CGE

Office of the Commissioner for
Government Examinations,
Pareeksha Bhavan, Poojappura,
Thiruvananthapuram – 12
Dated :

## CIRCULAR

**Sub :- General Education – SSLC and other Public Examination – Issue of Admissibility Certificate and allotment of funds – Powers delegated to Deputy Directors (Education) - orders issued.**

**Ref : - No. CGl(1)/24003/04/ Dtd. 16.03.2005.**

As there is inordinate delay in issuing admissibility certificate and allotment of funds relating to the expenses towards the conduct of SSLC and other Public Examination in the Office of the commissioner for Government Examinations, it has been decided to delegate the power to the Deputy Directors of Education for issuing admissibility certificate and allotment of funds to the Chief Superintendent. Hence with effect from March 2008 the Chief Superintendents are directed to submit the statements to the Deputy Directors of Education concerned to obtain the admissibility certificate and allotment of funds for the conduct of Public Examination as shown below.

1. Name of Centre and No. :
2. Year of Examination :
3. Number of Candidates appeared :
4. Unit cost of expenditure per candidate admissible : Rs. 30/- (Thirty Only)
5. Total amount admissible (3 x 4) :
6. Total expenditure incurred :
7. Excess amount if any :
8. Reasons for the excess amount incurred :

The Chief Superintendents have to keep the vouchers and accounts in the school itself for further verification by the Deputy Directors of Education if required. The said statement have to be submitted to the Deputy Director of Education before the end of April every year.

On receipt of the statements from the Chief Superintendent the Dy. Directors of Education shall verify the statements and if it is found in order shall issue the admissibility certificate before the end of May ever year. If the amount exceeds the admissible amount to a large extent, the Deputy Directors of Education shall conduct spot verification wherever necessary. The unit cost mentioned above ie, 30/- per candidate does not include, the expenditure towards postage stamps.

The Chief Superintendent should not exceed the item wise expenditure as per the office circular dated 16/03/2005.

**Sd/-**
**COMMISSIONER FOR GOVERNMENT EXAMINATIONS**

# Appendix 'G-3'

## GOVERNMENT OF KERALA

**Abstract**

General Education – SSLC and other Public Examination – Issue of admissibility certificate and allotment of Funds – Powers delegated to Deputy Directors (Education) action of the Commissioner for Government Examinations ratified – Orders issued.

**GENERAL EDUCATION (G) DEPARTMENT**

**G.O.(Rt)No. 220/08/G.Edn. Dated, Thiruvananthapuram 09/01/2008**

**Read : 1. Circular No. CGl (1) 32771/2007, dated 16/10/2007 of the Commissioner for Government Examinations.**

**2. Letter No. CGl(1)32771/07/CGE dated 25/10/2007 from the Commissioner for Government Examinations.**

## ORDER

In the circumstances reported by the Commissioner for Government Examinations in his letter read as second paper above, Government are pleased to ratify the action of the Commissioner for Government Examinations in having issued the circular No. CGl(1)/32771/07/ dated 16/10/07 delegating powers to issue admissibility certificate and allotment of funds relating to the expenses towards the conduct of SSLC and other Public Examinations to the Deputy Director of Educations.

**(By Order of the Government)**

**Sd/-**
**K. SUSEELA**
**DEPUTY SECRETARY**

School Code
Admission No.

Affix Court Fee Stamp for Rs. 5/-

**APPENDIX 'H'**

## APPLICATION FOR CHANGE OF LANGUAGE

| | | |
|---|---|---|
| 1. | Name of Pupil | : |
| 2. | Sex : Male / Female | : |
| 3. | Standard in which he/she is studying at the time of application and date of admission to that standard. | : |
| 4. | Date of admission in the school and standard to which he/she is admitted | : |
| 5. | Name and Centre of the school with complete postal address in which the pupils studying now | : |
| 6. | Name of school with complete postal address in | : |
| (a) | which the pupil was studying just previously before admission to the school mentioned in column – 5. | : |
| (b) | Name of School/Schools where the pupil studied in Std. V to VII. | : |
| (c) | Name of School/Schools where the pupil studied in Std. VIII, IX and X. | : |
| 7. | Languages studied by the pupil in previous schools | : |
| | I to IV | : |
| | V to VII | : |
| | VIII & IX | : |
| 8. | Mother tongue of the pupil | : |
| 9. | Whether the pupil has studied any of the regional language of this state during the previous studies | : : |
| 10. | The language from which exemption is sought for | : |
| 11. | Reason for such request | : |
| 12. | The language taught under 1st language Paper I & II in the present School. | : |
| 13. | Language proposed to be under Paper I & Paper II of first language | : : |
| 14. | Specific recommendation of the HM | : |

## DECLARATION

I do hereby declare that the pupil is migrating from other state/country/system of education. the school mentioned in Column 6(a) is following a different system of education other than one prescribed in KE & AR that the school is affiliated to the ...........................

Place :
Date :

**Signature with Name of the Head of School**

**അനുബന്ധം - ഐ**

നം. വൈ.1/3600/09/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തീയതി : 28.01.2009

# സർക്കുലർ

**വിഷയം :- 2009 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നത് - സംബന്ധിച്ച്**

**സൂചന :- 1. വൈ(1)/01/06/ഡി.പി.ഐ തീയതി 22.02.2006.**
**2. വൈ(1)/54385/06/ഡി.പി.ഐ തീയതി 14.02.2006.**
**3. വൈ(1)/9898/07/ഡി.പി.ഐ തീയതി 22.02.2007.**
**4. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 32/2008/പൊ.വി. 01.01.2008.**
**5. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2146/2008/പൊ.വി. 09.05.2008.**

എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിനർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് അയയ്ക്കുമ്പോൾ താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്..

കഴിഞ്ഞ വർഷം വരെയും താഴെ സൂചിപ്പിച്ചിരിക്കുന്ന ഇനങ്ങളിൽ ഗ്രേസ് മാർക്ക് അനുവദിച്ചിരുന്നത് വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നിന്നാണ്. ഗ്രേസ് മാർക്ക് സംബന്ധിച്ചുള്ള അപേക്ഷയിൻമേൽ സമയബന്ധിതമായി തീർപ്പ കൽപ്പിക്കുന്നതിന് വേണ്ടി ഈ വർഷം മുതൽ അർഷതയുള്ള വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാരായിരിക്കണം പുറപ്പെടുവിക്കേണ്ടത്. ആയത് സംബന്ധിച്ചുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന സ്കൂൾ കലോൽസവം, അറബിക് സംസ്കൃതോത്സവം, സ്പെഷ്യൽ സ്കൂൾ കലോൽസവം, ശാസ്ത്രമേള, ഗണിത ശാസ്ത്രമേള, സാമൂഹ്യ ശാസ്ത്രമേള, പ്രവൃത്തി പരിചയമേള, ഐ.ടി. മേള, രാഷ്ട്രപതി സ്ക്കൗട്ട്സ് & ഗൈഡ്, രാജ്യപുരസ്ക്കാർ, എൻ.സി.സി, ജൂനിയർ റെഡ്ക്രോസ് ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സ് എന്നിവയിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ ഗ്രേസ് മാർക്കിനർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് നിർദ്ദിഷ്ട ഫോറത്തിൽ ആവശ്യമായ സർട്ടിഫിക്കറ്റ് സഹിതം (സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഗസറ്റഡ് ആഫീസർ അറ്റസ്റ്റ് ചെയ്തിരിക്കണം). അവർ പഠിക്കുന്ന സ്കൂളിലെ ഹെഡ്മാസ്റ്ററുടെ മേലൊപ്പോടുകൂടി അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് അയയ്ക്കേണ്ടതാണ്. ഈ അപേക്ഷകളോടൊപ്പം സമർപ്പിച്ചിട്ടുള്ള ഫാറത്തിലെ 2 മുതൽ 9 വരെയുള്ള കോളങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ അതാത് സ്കൂളിലെ പ്രധാന അദ്ധ്യാപകൻ അപേക്ഷകൾ അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് അയയ്ക്കുവാൻ പാടുള്ളൂ.

2. സംസ്ഥാന തലത്തിലും അതിന് മുകളിലുമുള്ള മൽസരങ്ങളിൽ പങ്കെടുത്ത് വിജയിച്ച് ഗ്രേഡ് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മാത്രമേ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഒരു വിദ്യാർത്ഥിക്ക് ഒരിനത്തിൽ മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളൂ. ആദ്യത്തെ രണ്ട് (2) അവസരങ്ങള ിൽ മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളൂ. എസ്.എസ്.എൽ.സി പരീക്ഷയിൽ എഴുത്തു പരീക്ഷയുടെ സ്കോർ അടിസ്ഥാനത്തിലാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. അഗ്രിഗേറ്റ് പരമാവധി A+ കിട്ടുന്നതിന് എത്ര മാർക്ക് വേണമോ അതു മാത്രമേ ഗ്രേസ് മാർക്കായി അനുവദിക്കുകയുള്ളൂ. ഒരു വിദ്യാർത്ഥി ഒന്നിലധികം ഇനങ്ങളിൽ പങ്കെടുത്ത് ഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിൽ ഏറ്റവും കൂടുതൽ ഗ്രേസ് മാർക്കിനർഹതയുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പാണ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ ഉത്തരവില്ലാതെയുള്ള ഒരു അപേക്ഷയും ഗ്രേസ് മാർക്കിനായി പരിഗണ ിക്കുന്നതല്ല. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ അതാത് വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ വാങ്ങി അർഹതയുള്ളത് മാത്രം പരിശോധിച്ച് നടപടി ഉത്തരവാക്കി (ലിസ്റ്റ് സഹിതം) ഒരുമിച്ച് തിരുവനന്തപുരം പരീക്ഷ സെക്രട്ടറിക്ക് അയയ്ക്കേണ്ടതാണ്.

3. സംസ്ഥാന സ്കൂൾ ശാസ്ത്രമേള, ഗണിത ശാസ്ത്രമേള, സാമൂഹ്യ ശാസ്ത്രമേള, പ്രവൃത്തി പരിചയ ഐ.ടി. മേള, എന്നിവയിൽ ഗ്രേഡ് ലഭിക്കുന്നവർക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ട്. 8, 9 ക്ളാസ്സുകളിൽ പഠിക്കുമ്പോൾ സംസ്ഥാനതലത്തിൽ പങ്കെടുത്ത് മേൽ സൂചിപ്പിച്ച സ്ഥാനം

കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് തുടർന്ന് വരുന്ന ക്ളാസ്സുകളിൽ പഠിക്കുമ്പോൾ അതേ ഇനത്തിൽ സംസ്ഥാന തലത്തിൽ പങ്കെടുത്താൽ മാത്രമേ 8, 9 ക്ളാസ്സുകളിൽ പഠിക്കുമ്പോൾ ലഭിച്ച സ്ഥാനം ഗ്രേസ് മാർക്കിന് പരിഗണിക്കുകയുള്ളൂ.

4. 8, 9 ക്ളാസ്സുകളിൽ പഠിക്കുമ്പോൾ സംസ്ഥാനതല സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ്, ഗ്രേസ് മാർക്കിനു പരിഗണിക്കണമെങ്കിൽ 10- ാം ക്ളാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാനതല മൽസരത്തിൽ പങ്കെടുത്തിരിക്കണം എന്ന നിബന്ധന ഒഴിവാക്കാം. പകരം റവന്യൂ ജില്ലാ സ്കൂൾ കലോൽസവത്തിൽ ഇതേ ഇനത്തിൽ പങ്കെടുത്ത് എ ഗ്രേഡ് ലഭിച്ചാൽ മതിയാകുന്നതാണ്.

5. 8- ാം ക്ളാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാനതല കലോത്സവത്തിൽ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ്, ഗ്രേസ് മാർക്കിനു പരിഗണിക്കണമെങ്കിൽ 9, 10 ക്ളാസ്സുകളിൽ പഠിക്കുമ്പോൾ അതേ ഇനത്തിൽ റവന്യൂ ജില്ലയിൽ എ ഗ്രേഡ് ലഭിച്ചാൽ മതിയാകുന്നതാണ്.

6. എന്നാൽ കലോത്സവത്തിലും, ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ, ഐ.റ്റി. എന്നിവയ്ക്ക് സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കിയ സാഹചര്യത്തിൽ യോഗ്യരായ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് താഴെ പറയുന്ന പ്രകാരം ഗ്രേസ് മാർക്ക് ലഭിക്കുന്നതാണ്.

| | | |
|---|---|---|
| എ ഗ്രേഡ് | - | 30 മാർക്ക് |
| ബി ഗ്രേഡ് | - | 24 മാർക്ക് |
| സി ഗ്രേഡ് | - | 18 മാർക്ക് |
| ഡി ഗ്രേഡ് | - | 12 മാർക്ക് |
| ഇ ഗ്രേഡ് | - | 6 മാർക്ക് |

സതേൺ ഇന്ത്യ സയൻസ് ഫെയറിന് ആദ്യത്തെ 3 സ്ഥാനക്കാർക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളൂ.

| | | |
|---|---|---|
| ഒന്നാം സ്ഥാനം | - | എസ്.എസ്.എൽ.സി എഴുത്തു പരീക്ഷയുടെ 15% |
| രണ്ടാം സ്ഥാനം | - | എസ്.എസ്.എൽ.സി എഴുത്തു പരീക്ഷയുടെ 13% |
| മൂന്നാം സ്ഥാനം | - | എസ്.എസ്.എൽ.സി എഴുത്തു പരീക്ഷയുടെ 11% |

നാഷണൽ സയൻസ് ഫെയറിന് പങ്കെടുത്ത വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി എഴുത്തു പരീക്ഷയുടെ 15% ഗ്രേസ് മാർക്ക് ആയി അനുവദിക്കാവുന്നതാണ്.

7. ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് മുമ്പ് 8, 9 ക്ളാസ്സുകളിൽ പഠിക്കുകയും അതേ ഇനങ്ങളിൽ നിന്നും, സംസ്ഥാനതലത്തിൽ പങ്കെടുത്ത് തുടർച്ചയായി ഒരേ ഇനത്തിൽ 'എ' ഗ്രേഡ് ലഭിച്ചവർക്കും ഒന്നാം സ്ഥാനം 'ബി' ഗ്രേഡോടുകൂടി ലഭിച്ചവർക്കും കലോൽസവത്തിൽ അതേ ഇനത്തിൽ പങ്കെടുത്ത് കുറഞ്ഞ ഏതു ഗ്രേഡ് നേടിയാലും ഉയർന്ന ഗ്രേഡിന് ലഭിക്കാവുന്ന ഗ്രേസ് മാർക്കിന് അർഹത ഉണ്ടായിരിക്കും. 'എ' ഗ്രേഡിന് ഇപ്പോൾ നൽകുന്ന 30 മാർക്ക് കൊടുക്കാവുന്നതാണ്.

8. മേൽ സൂചിപ്പിച്ച വിഭാഗങ്ങൾ ഒഴികെ മറ്റെല്ലാ വിഭാഗത്തിലും പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹത നേടുന്ന വിദ്യാർത്ഥികൾക്ക് ഇപ്പോൾ തുടർന്നു വരുന്ന രീതിയിൽ തന്നെ ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.

9. കലോൽസവങ്ങൾ, ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഐ.റ്റി പ്രവൃത്തി പരിചയ മേളകൾ, ഐ. റ്റി മേള, രാഷ്ട്രപതി സ്ക്കൗട്ട്സ് ആന്റ് ഗൈഡ്സ്, രാജ്യപുരസ്ക്കാർ, എൻ.സി.സി,, ജൂനിയർ റെഡ്ക്രോസ്, ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സ് എന്നിവയുമായി ബന്ധപ്പെട്ട ഗ്രേസ്മാർക്കിനർഹതയുള്ള പ്രൊപ്പോസലുകൾ ഒരുമിച്ച് സമർപ്പിക്കാതെ പ്രത്യേകമായി തന്നെ സമർപ്പിക്കേണ്ടതാണ്.

10. 8, 9 ക്ളാസ്സുകളിൽ പഠിക്കുമ്പോൾ രാജ്യ പുരസ്ക്കാർ, രാഷ്ട്രപതി സ്കൗട്ട്സ് സർട്ടിഫിക്കറ്റുകൾ നേടിയ കുട്ടികൾ 10-ാം ക്ളാസ്സിൽ പഠിക്കുമ്പോൾ സ്ക്കൗട്ട് പ്രസ്ഥാനത്തിൽ സജീവമായിരുന്നുവെന്നുള്ള ഹെഡ്മാസ്റ്ററുടെ സർട്ടിഫിക്കറ്റ് കൂടി ഉൾപ്പെടുത്തി ഗ്രേസ് മാർക്കിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

11. എൻ.സി.സി. ക്ക് താഴെ സൂചിപ്പിക്കുന്ന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

   (എ) 'എ' സർട്ടിഫക്കറ്റ് കരസ്ഥമാക്കിയിരിക്കണം.

   (ബി) കോർപ്പറലോ അതിന് മുകളിലോ ഉള്ള റാങ്ക് ലഭിച്ചിരിക്കണം.

   (സി) സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ബി.എൽ.സി/വി.എസ്.സി/ എൻ.എസ്.സി/ ഐ.ഡി.സി/ ആർ.ഡി.സി ഇവയിൽ ഏതെങ്കിലും ഒരു ക്യാമ്പിൽ പങ്കെടുത്തിരിക്കണം.അല്ലെങ്കിൽ താൻ സൈനിക് ക്യാമ്പ്, റോപ് ക്ളൈംബിംഗ് ട്രെയിനിംഗ് ക്യാമ്പ്, നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ്, അഡ്വാൻസ്ഡ് ലീഡർഷിപ്പ് ക്യാമ്പ്, ആൾ ഇന്ത്യ ട്രക്ക്/ട്രക്കിംഗ് എക്സ്പിഡീഷൻ ഇവയിൽ ഏതെങ്കിലും ഒരു ക്യാമ്പിൽ പങ്കെടുത്തിരിക്കണം.

12. ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾക്ക് താഴെ സൂചിപ്പിക്കുന്ന യോഗ്യത ഉണ്ടെങ്കിൽ എസ്.എസ്.എൽ.സി ക്ക് 10 മാർക്ക് ബോണസ് മാർക്കായി അനുവദിക്കുന്നതാണ്.

   (എ) സ്കൂളിൽ പ്രവർത്തിക്കുന്ന ജൂനിയർ റെഡ്ക്രോസ് യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് ബന്ധപ്പെട്ട സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം.

   (ബി) 5-ാം സ്റ്റാർഡേർഡ് മുതൽ പത്താം സ്റ്റാൻഡേർഡ് വരെ ജെ.ആർ.സി പ്രവർത്തനങ്ങളിൽ ബന്ധപ്പെടുകയും 75% ഹാജരോടുകൂടി ജെ.ആർ.സി സംസ്ഥാന കമ്മിറ്റിയുടെ കോഴ്സ് സർട്ടിഫിക്കറ്റ് (സി) നേടുകയും ചെയ്തിരിക്കണം.

   (സി) ജെ.ആർ.സി സംസ്ഥാന കമ്മിറ്റി തയ്യാറാക്കി റെഡ്ക്രോസ് സൊസൈറ്റി അംഗീകരിച്ചിട്ടുള്ള സിലബസ് അനുസരിച്ച് ഫസ്റ്റ് എയ്ഡ്, അഗ്നി ശമന പ്രവർത്തനങ്ങൾ, ആരോഗ്യപരിപാലനവും സംരക്ഷണവും, ട്രാഫിക്ക് അടയാളങ്ങളും നിയമങ്ങളും എന്നീ വിഷയങ്ങളിൽ അറിവും അവയെ ആസ്പദമാക്കി ജെ.ആർ.സി സംസ്ഥാന കമ്മിറ്റി നടത്തുന്ന പരീക്ഷ 50% മാർക്കോടെ പാസ്സായതിന്റെ സർട്ടിഫിക്കറ്റ്.

   (ഡി) ശുചീകരണ പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ ജില്ലാതലത്തിലോ സംസ്ഥാന തലത്തിലോ നടത്തുന്ന ജെ.ആർ.സി ക്യാമ്പ്/സെമിനാർ ഇവയിൽ ഏതിലെങ്കിലും പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം

13. ദേശീയ ബാലസാസ്ത്ര കോൺഗ്രസ്സിന്റെ ഗ്രേസ് മാർക്കിനുള്ള അപേക്ഷ താഴെ സൂചിപ്പിക്കുന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്. പ്രസ്തുത അപേക്ഷ പരിശോധിച്ച് ശുപാർശ ചെയ്യുന്ന അപേക്ഷകൾക്ക് മാത്രമേ വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിക്കുകയൂള്ളൂ.

14.

**വിലാസം : ഡയറക്ടർ, സയൻസ് സെന്റർ, ജവഹർ ബാലഭവൻ, കൊല്ലം-1**

15. എൻ.സി.സി. യുടെ ഗ്രേസ് മാർക്കിനുള്ള അപേക്ഷ താഴെ സൂചിപ്പിക്കുന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ്. പ്രസ്തുത അപേക്ഷ പരിശോധിച്ച് ശുപാർശ ചെയ്ത അപേക്ഷകൾക്ക് മാത്രമേ വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിക്കുകയുള്ളൂ.

**വിലാസം : ഡെപ്യൂട്ടി ജനറൽ (എൻ.സി.സി)**
**എൻ.സി.സി ഡയറക്ടറേറ്റ് (കെ & എൽ),**
**സ്റ്റേറ്റ് വിങ്ങ്, വഴുതയ്ക്കാട്,**
**തിരുവനന്തപുരം - 10**

16. പ്രധാന അദ്ധ്യാപകർ ഗ്രേസ് മാർക്കിനുള്ള അപേക്ഷ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കുന്നതിനുള്ള അപേക്ഷാഫാറവും, ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഗ്രേസ് മാർക്ക് അനുവദിച്ചു കൊണ്ടുള്ള നടപടി ഉത്തരവിനോടൊപ്പം സമർപ്പിക്കേണ്ട മാതൃകാഫാറവും ഇതോ-

ടൊപ്പം അയയ്ക്കുന്നു. ഫോറം നം.1-ന്റെ പകർപ്പ് ജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ പരിധിയിലുള്ള എല്ലാ ഹൈസ്ക്കൂൾ പ്രധാന അദ്ധ്യാപകൻമാർക്കും അയച്ചുകൊടുക്കേണ്ടതാണ്.

17. ലിസ്റ്റ് പൂർണ്ണവും കുറ്റവിമുക്തവുമായിരിക്കുവാൻ എല്ലാ പ്രധാന അദ്ധ്യാപകൻമാരും ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

18. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഗ്രേസ് മാർക്ക് അനുവദിച്ചു കൊണ്ടുള്ള നടപടി ഉത്തരവും അതോടൊപ്പമുള്ള ലിസ്റ്റും "സെക്രട്ടറി, പരീക്ഷാകമ്മീഷണറുടെ കാര്യാലയം, പരീക്ഷാഭവൻ, തിരുവനന്തപുരം-12" എന്ന വിലാസത്തിൽ 10.03.2009 ന് മുമ്പായി ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിന്റെയും ലിസ്റ്റിന്റെയും ഒരു പകർപ്പ് "സി. കെ. വസന്തകുമാരി, പി.ആർ.ഒ, വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം - 14" എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

19. ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുള്ള നടപടി ഉത്തരവും, ലിസ്റ്റും പരീക്ഷാ സെക്രട്ടറിക്ക് അയച്ചുകൊടുക്കുവാൻ കാലതാമസം നേരിടുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ജില്ലാ വിദ്യാഭ്യാസ ആഫീർമാർക്കായിരിക്കും.

**ഒപ്പ്**

**എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

**ഒപ്പ്**

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**
**ADPI General**

പകർപ്പ് : -
1. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീർമാർക്കും (പ്രസ്തുത സർക്കുലറിന്റെ ഒരു പകർപ്പും മാതൃകാഫാറവും [ഫാറം നം. 1] അവരവരുടെ അധികാരപരിധിയിൽ വരുന്ന എല്ലാ ഹൈസ്ക്കൂൾ പ്രധാന അദ്ധ്യാപകൻമാർക്കും അറിവിലേയ്ക്കായി അയച്ചുകൊടുക്കേണ്ടതാണ്.
3. ആഫീസ് കോപ്പി
4. കരുതൽ ഫയൽ

## Grace Mark - SSLC Examination – 2009

| Sl. No. | Name of Item | Code | Sl. No | Grade | Mark | Remarks |
|---|---|---|---|---|---|---|
| 1 | Youth Festival | Y F | Sl. No. 1 to 6 | A<br>B<br>C<br>D<br>E | 30<br>24<br>18<br>12<br>6 | |
| 2 | Science Fair | S F | | | | |
| 3 | Mathematics Fair | M F | | | | |
| 4 | Social Science Fair | S S F | | | | |
| 5 | Work Experience Fair | W E | | | | |
| 6 | Information Technology | I T | | | | |
| 7 | Junior Read Cross | JRC | | | 10 | |
| 8 | Rajyapuraskar | RP | | | 25 | 5% of the Written Exam. |
| 9 | Rashtrapathi Scout / Guide | RS/RG | | | 49 | 10% of the Written Exam. |
| 10 | National Cadet Crops | NCC | | | 49 | 10% of the Written Exam. |
| 11 | Southern India Science Fair & Drama Festival | SISF | | First<br>Second<br>Third | 74<br>64<br>54 | 15% of the Written Exam.<br>13% of the Written Exam.<br>11% of the Written Exam. |
| 12 | National Childrens Science Congress | NCSC | | | 74 | 15% of the Written Exam. |
| 13 | National Science Fair | NSF | | | 74 | 15% of the Written Exam. |

**Sd/-**
**For Director of Public Instruction**